MUNAVIRUL ISLAM HIGH SCHOOL
Date

# സിന്ധു അവളുടെ കഥ പറയുന്നു

○○

— SCHOOL EDITION —
Malayalam Non-detailed Text
— STANDARD IX —

○○

കെ. പി. അലക്സ് ബേസിൽ എം. എ.

സാഹിത്യനിലയം

MUNAVIRUL ISLAM HIGH SCHOOL
Date 21-6-64
ERNAKULAM.

# സിന്ധു

## അവളുടെ കഥ പറയുന്നു

(Malayalam)

SINDHU AVALUDE KATHA PARAYUNNU

(River Sindhu tells her Story)

by K. P. ALEX BASIL M. A.

First Published April 1962

Printed at
SAHITHYA NILAYAM PRESS, KALOOR

Copy Right
Sahithya Nilayam

Publishers:
SAHITHYA NILAYAM PUBLISHING HOUSE,
KALOOR, ERNAKULAM-7

1964
School Edition

# സിന്ധു അവളുടെ കഥ പറയുന്നു

MUNAVIRUL ISLAM HIGH SCHOOL
Date...............
ERNAKULAM.

ഇന്ത്യാഗവമ്മെണ്ട് നടത്തിയ
എട്ടാമത്തെ ബാലസാഹിത്യമത്സരത്തിൽ
സമ്മാനാർഹമായ കൃതി

ഗ്രന്ഥകർത്താവ്:
കെ. പി. അലക്സ് ബേസിൽ എം. എ.

സാഹിത്യനിലയം പബ്ലിഷിംഗ് ഹൗസ്
കലൂർ, എറണാകുളം - 7

സ്വന്തം പതിപ്പ്: വില 60 ന.പ.

## കെ. പി. അലക്സ് ബേസിലിൻെറ കൃതികൾ:

ഏഷ്യയുടെ ചരിത്രം (വിവത്തനം)

സിന്ധു അവളുടെ കഥ പറയുന്നു (സ്വതന്ത്രം)

പ്രധാനപ്പെട്ട ചില പ്രാചീനസംസ്കാരങ്ങളുടെ ചരിത്രം അതിനോടു ബന്ധപ്പെട്ട നദികളേക്കൊണ്ടു് അവയുടെ ആത്മകഥാരൂപത്തിൽ പറയിപ്പിച്ചാലെന്തെന്നു് ഒരു പുതിയ ആശയം തോന്നി. അതനുസരിച്ചു് ഈയുള്ളവൻ നടത്തിക്കൊണ്ടിരിക്കുന്ന വിനീതപരിശ്രമത്തിന്റെ പ്രഥമഫലമാണു് ഈ പുസ്തകം. ഇതിനേപ്പററി ശ്രീ. പുത്തേഴത്തു് രാമമേനോൻ അവർകൾ ദയാപൂർവ്വം എഴുതിയയച്ച ഒരു കത്തു് ഏത്രയും കൃതജ്ഞതയോടെ അന്യത്ര ചേർത്തിരിക്കുന്നു. പുരാതനസംസ്കാരങ്ങളുടെ ചരിത്രം ഒരു പുതിയ രീതിയിൽ പറയുവാനുള്ള എന്റെ എളിയ ഉദ്യമത്തിൽ സകല സഹൃദയരുടേയും പ്രോത്സാഹനം പ്രതീക്ഷിച്ചുകൊണ്ടു്, സിന്ധുവിന്റെ ഈ ആത്മകഥ മഹാജനസമക്ഷം വിനയാദരപൂർവ്വം സമർപ്പിച്ചുകൊള്ളുന്നു.

VIRVL ISLAM HIGH SCHOOL
Date..........
ERNAKULAM

കെ. പി. അലക്സ് ബേസിൽ

കലൂർ, എറണാകുളം
10, ഏപ്രിൽ 1962

തൃശ്ശിവപേരൂർ
27-3-'62

പ്രിയപ്പെട്ട ശ്രീ. അലക്സ് ബേസിൽ,

നിങ്ങൾ എത്രയും സ്നേഹാദരപൂർവ്വം അയച്ച "സിന്ധു അവളുടെ കഥ പറയുന്നു" എന്ന കൊച്ചുപുസ്തകം വളരെയധികം കൌതുകത്തോടുകൂടി ഞാനപ്പോൾത്തന്നെ വായിച്ചുതീർത്തു. അറിവും ആനന്ദവും ഒരേസമയത്തു് പ്രദാനംചെയ്യുന്ന ആ പുതിയ കൃതി, പലതുകൊണ്ടും, നിങ്ങൾക്കു കൃതാർത്ഥതപ്പെടാവുന്ന ഒന്നാണു്; ആഹ്ലാദിക്കയും, അഭിമാനപ്പെടുകയും ചെയ്യാവുന്നതാണു്. ആ പ്രസ്ഥാനം തന്നെ ഏററവും പുതിയതാണു്. ഇന്നുവരെ വല്ല നദിയും, എവിടെയെങ്കിലും, ഏതു ഭാഷയിലെങ്കിലും, അവളുടെ ആത്മകഥ പറഞ്ഞിട്ടുണ്ടോ എന്നു സംശയമാണു്. ആ ഭാഗ്യം സിദ്ധിച്ചതു് ഭാരതത്തിലെ സിന്ധുനദിക്കാണു്. അതിന്റെ ആദ്യകർത്താവു നിങ്ങളുമാണു്. അതൊരു മനോഹരമായ മനോധർമ്മമാകുന്നു. അതിന്റെ പ്രകടനവും, അതുപോലെ നവീനവും സുന്ദരവുമായിട്ടുണ്ടു്.

രാജ്യങ്ങളുടേയും, സംസ്കാരങ്ങളുടേയും—പ്രത്യേകിച്ചും, പുരാതനരാഷ്ട്രങ്ങളുടേയും അവയുടെ സംസ്കാരങ്ങളുടേയും—ചരിത്രം പറയേണ്ടതു് നദികളാണു്; അവയേക്കൊണ്ടു പറയിപ്പിക്കുകയാണു വേണ്ടതു്. കാരണം, പൌരാണികകാലത്തെ സകലസംസ്കാരങ്ങളും സമാരംഭിച്ചിട്ടുള്ളതും, വളർന്നിട്ടുള്ളതും, അതുപോലെ മണ്ണടിഞ്ഞുപോയിട്ടുള്ളതും, നദീതീരങ്ങളിലാണു്; അവിടെ മാത്രമാണു്. യൂഫ്രെട്ടീസ്സും, ടൈഗ്രീസും, നീലനദിയും, സിന്ധുവും മററുമാണു് പുരാതനസംസ്കാരങ്ങളുടെ ജന്മഭൂമികൾ. ആ സംസ്കാരങ്ങളെ "നദീതടസംസ്കാരങ്ങൾ" എന്നുതന്നെ പറയാവുന്നതുമാണു്. ആ നദികളൊക്കെ ഇന്നും വലിയ വ്യത്യാസംകൂടാതെ ഒഴുകിക്കൊണ്ടിരിക്കുന്നുണ്ടു്. എന്നാൽ, അവയുടെ തീരങ്ങൾ വളർത്തിയ സംസ്കാരങ്ങൾ മിക്കതും നാമാവശേഷങ്ങളാകയുംചെയ്തു. അതുകൊണ്ടു്, മൺമറ

ഞ്ഞ ആ സമ്പത്തിൻെറ ചരിത്രം വർണ്ണിച്ചതരേണ്ടതു് അവയെല്ലാം കെ ദൃക്സാക്ഷികഠം മാത്രമല്ല, വളർത്തമ്മമാർകൂടിയായിരുന്ന ആ നദികഠംതന്നെയാണു്. മരിച്ചുപോയ ഓമനസന്താനങ്ങളുടെ കഥ പറഞ്ഞു കരയുന്ന വൃദ്ധമാതാക്കളുടെ ഒരു ശോകമൂകതയാണു് ആ നദികഠംക്കുണ്ടായിരിക്കുകയെങ്കിലും, അവയുടെ ഗൽഗദകണ്ഠങ്ങളിൽക്കൂടി ആ കഥകഠം പുറത്തുവരുമ്പോഴുണ്ടാകുന്ന അനുഭവങ്ങഠം അനിർവ്വചനീയങ്ങളായിരിക്കും. എനിക്കങ്ങനെ പലതും എഴുതുവാൻ തോന്നുന്നുണ്ടു്. ചുരുക്കത്തിൽ, സിന്ധുനദിയുടെ ആത്മകഥയായി സിന്ധുസംസ്കാരത്തിൻെറ ചരിത്രം പറയിപ്പിച്ച നിങ്ങളെ ഞാൻ ഹാർദ്ദമായി അനുമോദിക്കുന്നു.

ആ കഥ പറയുന്ന രീതിയും, അതിനുപയോഗിച്ച ഭാഷയും, അതിൻെറ ആവിഷ്ക്കരണത്തിൽ കൂട്ടിച്ചേർത്തിട്ടുള്ള സാരോപദേശസമ്പൂർണ്ണങ്ങളായ തത്വചിന്തകളും, എല്ലാം മധുരങ്ങളും മനോഹരങ്ങളുമായിട്ടുണ്ടു്. ഏററവും ഉന്നതമായ ഒരു കുടുംബത്തിൽ—ഹിമാലയത്തിൻെറ മുകളിൽ—ജനിച്ച സിന്ധുനദി, തറവാട്ടുമഹിമയിൽ മതിമറന്നു് അവിടെത്തന്നെ അലസമായി കഴിയാതെ, താഴ്ന്ന സ്ഥലങ്ങളെയും സ്ഥാനങ്ങളേയും സംരക്ഷിക്കാനായി വെമ്പൽപൂണ്ടു് കുന്നും കുഴിയും താണ്ടി പായുന്ന കഥ എത്ര ചിന്താർഹമായിരിക്കുന്നു! നദികളുടെ ചേർച്ച,—പോഷകനദികളുടെ സംയോഗം—മനുഷ്യരുടെ ചേർച്ചപോലെ ഉയിരിന്റും ഉടലിന്റേ മായിട്ടല്ലെന്നും, ആത്മാവിൽ ആത്മാവിൻെറ ചേർച്ചപോലെയാണെന്നും മററുമുള്ള വർണ്ണനകഠം ഒന്നാന്തരം കവിഭാവനകളും പുതിയ ആശയങ്ങളും ആകുന്നു. കുട്ടികഠംക്കുംകൂടി, ഒരു കഥ വായിക്കുന്നതുപോലെ രസിച്ചുവായിക്കുന്നതിനും വലിയ വായനക്കാർക്കു ചിന്തിച്ചു രസിക്കുന്നതിനും തക്ക വിധത്തിലാണു കഥാകഥനം നിർവ്വഹിച്ചിട്ടുള്ളതു്.

സിന്ധുനദീതടസംസ്കാരം എന്നു പറയപ്പെടുന്നതിൻെറ പ്രതീകങ്ങളോ ഉദാഹരണങ്ങളോ ആയ മോഹൻജിഡാരോ, ഹാ

രപ്പ എന്നൊക്കെ ഇന്നു സകലരും പാടാറും പറയാറുമുണ്ടെങ്കിലും, യഥാൎത്ഥത്തിൽ അതെന്താണെന്നു മനസ്സിലാക്കീട്ടുള്ളവർ കുറയും. കാരണം, ഗവേഷകന്മാരുടെ ശാസ്ത്രകൎക്കശഗ്രന്ഥങ്ങളിലാണു്, അവയുടെ യഥാൎത്ഥരൂപം കാണപ്പെടുന്നതു്. ആൎക്കുണ്ടതു വായിക്കാനും മനസ്സിലാക്കാനും, ക്ഷമയും സൗകൎയ്യവും? എന്നാൽ, ആ മഹാഗ്രന്ഥങ്ങളിൽ പ്രതിപാദിതങ്ങളായ കാൎയ്യങ്ങളെത്തന്നെ, ഒരു മുത്തശ്ശി—അതെല്ലാം സ്വന്തം കണ്ണുകൊണ്ടുതന്നെ കണ്ടിട്ടുള്ള വിജ്ഞയും വിശ്രുതയുമായ ഒരു മുത്തശ്ശി—സ്വന്തം പേരക്കിടാങ്ങളോടു് മഴക്കാലത്തു ഒരു ദിവസം സന്ധ്യയ്ക്കു്, അവരെ മടിയിലും ചുററിലുമായി വെച്ചുകൊണ്ടു് പണ്ടൊരു രാജ്യമുണ്ടായിരുന്നു രാജാവുണ്ടായിരുന്നു എന്ന മട്ടിൽ പറഞ്ഞുകൊടുക്കുകയാണെങ്കിൽ എത്ര വെമ്പലോടും, ജിജ്ഞാസയോടും, രസത്തോടുംകൂടിയായിരിക്കും ആ കുട്ടികൾ അതു കേൾക്കുക? ഒരിക്കലും മറക്കാത്തതായ ഒരു ചരിത്രജ്ഞാനം അവരിൽ സംജാതമാകുകയും ചെയ്യും. ആ ഒരു പ്രതീതിയാണു് നിങ്ങളുടെ പുസ്തകം വായിച്ചപ്പോൾ എനിക്കുണ്ടായതു്. നിങ്ങൾക്കു് ഒരിക്കൽക്കൂടി എന്റെ ഹാൎദ്ദമായ അനുമോദനം. ചില ചില ചില്ലറ പോരായ്മകളും അപൂൎണ്ണതകളും തോന്നുന്നുണ്ടു്. അവയെക്കുറിച്ചൊന്നും ഈ ശുഭാവസരത്തിൽ സ്പർശിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

എന്നു്,

വിജയാശംസകളോടെ,

**പുത്തേഴത്തു രാമമേനോൻ**

(ഒപ്പു്)

# സിന്ധു അവളുടെ കഥ പറയുന്നു

## I

എന്തു്, ഒരു നദി അവളുടെ ആത്മകഥ പറയുകയോ? അങ്ങനെയൊന്നു് നിങ്ങൾ ആദ്യമായിട്ടായിരിക്കും കേൾക്കുക. മനുഷ്യരായ നിങ്ങൾക്കു മാത്രമേ ആത്മകഥ പറയാനുള്ളു എന്നു കരുതേണ്ട. ആയിരമായിരം കൊല്ലങ്ങളായിട്ടു് നിങ്ങളുടെ കഥയും കഥയില്ലായ്മയും ധാരമുറിയാതെ കണ്ടുകൊണ്ടിരിക്കുന്ന ഞങ്ങൾക്കു് സ്വന്തമായും അല്ലാതെയും പല കഥകളും പറയാനുണ്ടു്. നിങ്ങളുടെ പൂർവ്വികന്മാർ കേവലം പ്രാകൃതരും കിരാതരുമായിക്കഴിഞ്ഞിരുന്ന കാലഘട്ടം മുതല്ക്കുള്ള എത്രയെത്ര കാര്യങ്ങളാണു് ഞങ്ങളുടെ ആത്മകഥാസലിലത്തിൽ അലിഞ്ഞും കലന്നും കിടക്കുന്നതെന്നോ? മനുഷ്യരാശിയുടെ മുളയെടുപ്പു മുതൽ അതിനെ പല വിധത്തിൽ നനച്ചുവളത്തിപ്പോന്നിട്ടുള്ളവരാണു് ഞങ്ങൾ. ഞങ്ങളുടെ മടിത്തടത്തിലും മണിമുററത്തുമായിരുന്നു, മനുഷ്യരാശിയുടെ ജീവിതനാടകങ്ങൾ പലതിൻേറയും അരങ്ങേററം.

ചരിത്രാതീതകാലംതൊട്ടിങ്ങോട്ടു് എത്രയെത്ര വർഗ്ഗക്കാരുടേയും, രാജ്യക്കാരുടേയും, വർണ്ണക്കാരുടേയും വരവും പോക്കും ഞങ്ങൾ കണ്ടിരിക്കുന്നു. എത്രയെത്ര സംസ്കാര

ങ്ങളുടെ ഉദയവും ഉയച്ച്യയും അസ്തമയവും ഞങ്ങരം ദശ്ശി ച്ചിരിക്കുന്നു. മനുഷ്യരുടെ മദമാത്സര്യങ്ങരം മൂലമുണ്ടായ എത്രയെത്ര സമരങ്ങരംക്കും സംഘട്ടനങ്ങരംക്കും ഞങ്ങരം സാക്ഷിനില്ക്കേണ്ടിവന്നിരിക്കുന്നു. ഞങ്ങളുടെ ശീതളച്ഛായയിൽ മനുഷ്യർ കെട്ടിപ്പടുത്ത എത്രയെത്ര മഹാനഗരങ്ങളും മനോഹരസൗധങ്ങളും ഞങ്ങളുടെ കൺമുമ്പിൽ വെച്ചുതന്നെ മൺമറഞ്ഞുപോയിരിക്കുന്നു!

ഞങ്ങരം ആററുനോററു നീരൂട്ടിവളത്തിയ പല പല സംസ്കാരങ്ങളും സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും തകന്നുപോയിട്ടുണ്ടെങ്കിൽ, അതിന് ഞങ്ങരം ഉത്തരവാദികളല്ല. മനുഷ്യരുടെ ദുഷ്കൃതിയും ദുന്നയവും കണ്ടുകണ്ടു സഹിയാഞ്ഞിട്ട് ഞങ്ങരം വല്ലപ്പൊഴും കുറേ വെള്ളം തട്ടിയെറിഞ്ഞു് വല്ലതും നഷ്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽത്തന്നെ, ഞങ്ങളുടെ ധമ്മരോഷവും ഉദ്ദേശശുദ്ധിയും. ഓത്തു് നിങ്ങരം മാപ്പരുളിയാലും. സ്നേഹധാരയാൽ ഏതുനേരവും മനുഷ്യരാശിയുടെ ചൂടാററുവാനും, സകല ചരാചരങ്ങരംക്കും കുളിരേററുവാനുമാണു് ഞങ്ങളുടെ നിഷ്കാമയത്നം.

ആത്മകഥ പറയാൻവന്ന ഞാൻ ഇതുവരെ എൻെറ പേരുപോലും പറഞ്ഞില്ല, അല്ലേ? സിന്ധു—അതാണു് എൻെറ പേർ. ശ്രവണമാത്രയിൽ എൻെറ പേരിനും ഇന്ത്യ എന്ന പേരിനും തമ്മിൽ എന്തോ ബന്ധമുണ്ടു് എന്നു തോന്നും. അങ്ങനെ തോന്നുന്നതിൽ തെററില്ല. സിന്ധു എന്ന സംജ്ഞയിൽനിന്നാണു് ഇന്ത്യയ്ക്കു ആ പേരുണ്ടായതു്. ഇന്ത്യയുടെ പേരും പെരുമയും എ

ൻേറതാണെന്നു വരുത്താൻ മോഹിച്ച് ഞാൻ ഒരു പൊളിപറഞ്ഞതല്ല; ഒരു ചരിത്രപരമാത്ഥം സൂചിപ്പിച്ചുവെന്നേയുള്ളു. പുറത്തുള്ളവർ പണ്ടു് എൻെറ പേർ ചേത്താണു് ഇന്ത്യയെ വിളിക്കാൻ തുടങ്ങിയതു്. പേരുകഠക്കു് ഇങ്ങനെയൊരു ബന്ധമുണ്ടാകുംമുമ്പുതന്നെ ഞാൻ എൻെറ ഉയിരും നീരുമെല്ലാം ഇന്ത്യയ്ക്കായി സമപ്പിച്ചുപോന്നിരുന്നുവെന്നോക്കണം. സേവനംമൂലമുണ്ടായ ഈ അടുപ്പം പേരിൻെറ പൊരുത്തംകൊണ്ടു് ഒന്നുകൂടി ഉറച്ചുവെന്നുമാത്രം. എൻെറ പേരിനു് പേഷ്യാക്കാർ ഹിന്ദു എന്നും, ഗ്രീക്കുകാർ ഇൻഡോസ് എന്നും അല്പാല്പം പാഠഭേദങ്ങഠ വരുത്തിയ കഥയും ഞാൻ മറന്നിട്ടില്ല. ഋഗ്വേദത്തിൽ എനിയ്ക്കു് സുഷോമ എന്നൊരു പേർകൂടി കാണും.

എൻെറ ജനനം ലോകത്തിൽവെച്ച് ഏററവും ഉൽകൃഷ്ടമായ ഒരു ഗിരികുലത്തിലാണു്. ഇന്ത്യയുടെ ഉത്തരപ്രാന്തത്തിൽ ഭൂമിയുടെ മകുടമെന്നോണം അംബരചുംബിയായി നില്ക്കുന്ന ഹിമാലയമാണു് എൻെറ ഉറവിടം. ആ മാമലയുടെ മഞ്ഞണിഞ്ഞ വിരിമാറിൽ, പാവ്വതീപരമേശ്വരന്മാരുടെ വിഹാരരംഗമെന്നു പറയപ്പെടുന്ന കൈലാസഘട്ടമില്ലേ,— അവിടമാണു് എൻെറ തറവാടു്. ഇത്രയും പറഞ്ഞതുകൊണ്ടു് ഞാൻ എന്തെങ്കിലും ദിവ്യത്വം അവകാശപ്പെടുന്നുവെന്നു് കരുതേണ്ട; പെററമ്മയേയും തറവാടിനേയും കുറിച്ചുള്ള അഭിമാനവും കൂറും ഇവിടെ തെല്ലൊന്നു് പ്രകാശിപ്പിച്ചുവെന്നേയുള്ളു.

ഞാൻ എന്നാണു് ജനിച്ചതെന്നു് നിങ്ങഠ ചോദി

കുമായിരിക്കും. മനുഷ്യരായ നിങ്ങൾ പിറന്ന നാളും പക്കവുമൊക്കെ നോക്കുന്നവരാണല്ലോ. നിങ്ങളേപ്പോലെ പത്തുമാസം മാത്രം അമ്മയുടെ ഉദരത്തിൽ കഴിച്ചുകൂട്ടി പുറത്തുവന്നവരല്ല ഞങ്ങൾ. ഈ ഞാൻതന്നെ അമ്മയുടെ ഗർഭത്തിൽ അനേകമനേകം വർഷങ്ങളോളം അടങ്ങക്കിടന്നിരിക്കാം. ഞാൻ ഒരുത്തിമാത്രമല്ല, ആ ഗർഭാശയത്തിൽ കുടികൊണ്ടിരുന്നതെന്നും ഓർക്കണം. ഗംഗയും, ബ്രഹ്മപുത്രയും, ഞാനുമെല്ലാം ഏകോദരസഹോദരികളാകുന്നു. അമ്മ എന്നാണു് ഞങ്ങളെ പ്രസവിച്ചു പുറത്തേയ്ക്കു വിട്ടതെന്നും, ഞങ്ങൾക്കു് എന്തെന്തു പ്രായമായെന്നും അമ്മയ്ക്കു മാത്രമേ അറിഞ്ഞുകൂടൂ. എന്നും അമൃതധാര ചൊരിഞ്ഞു് ഞങ്ങളുടെ യൗവനം നിരന്തരം നിലനിർത്തിപ്പോരുന്ന അമ്മയോടു് ഞങ്ങൾ എന്തിനു് ഞങ്ങളുടെ പ്രായത്തേപ്പററി ചോദിക്കുന്നു?

നിങ്ങളുടെ മഹാകവി കാളിദാസൻ എൻെറ ഉറവിടമായ ഹിമാലയത്തേപ്പററി എഴുതിയിട്ടുള്ള ഒരു പദ്യം ഞാൻ പലപ്പോഴും ഉരുവിട്ടു്, അതിൻെറ ശബ്ദഭംഗിയും അർത്ഥഭംഗിയും ആസ്വദിക്കാറുണ്ടു്.

"അസ്ത്യുത്തരസ്യാം ദിശി ദേവതാത്മാ
ഹിമാലയോ നാമ നഗാധിരാജഃ
പൂർവ്വാപരൗ വാരിനിധീ വഗാഹ്യ
സ്ഥിതഃ പൃഥിവ്യാ ഇവ മാനദണ്ഡഃ"

ഉത്തരദിക്കിൽ ദേവതാത്മാവായി ഹിമവാൻ എന്നു പേരായുള്ള പർവ്വതശ്രേഷ്ഠൻ കിഴക്കും പടിഞ്ഞാറുമുള്ള സമുദ്രങ്ങളിലേയ്ക്കിറങ്ങി ഭൂമിയുടെ അളവുകോലെന്നോ

ണം നിലകൊള്ളുന്നു എന്നാണല്ലോ ഈ പദ്യത്തിന്റെ സാരം. 'മാനദണ്ഡ'ശബ്ദം കൊണ്ടു ഹിമവാനെ മാനിച്ചതിൽ കാളിദാസൻ കാണിച്ച ഭാവന അഭിനന്ദനാർഹംതന്നെ.

'പർവ്വതശ്രേഷ്ഠൻ' എന്നു വർണ്ണിക്കപ്പെട്ടിരിക്കുന്ന ഹിമാലയത്തെ അച്ഛൻ എന്നാണ് വിളിക്കേണ്ടതെങ്കിലും, അമ്മയെന്നു വിളിക്കാനാണ് എനിയ്ക്കു കൂടുതൽ ഇഷ്ടം. എന്നേപ്പോലുള്ള പല പുത്രിമാരെ പ്രസവിച്ചിട്ടും ഞങ്ങളെയെല്ലാം ഇത്രയുംകാലം മുലപ്പാലൂട്ടിയിട്ടും, ഒരു നിത്യകന്യകയുടെ അംഗസൗഷ്ഠവത്തോടും സൗന്ദര്യത്തോടും കൂടി നിലകൊള്ളുന്ന ഹിമാലയാംബയുടെ പ്രായത്തേപ്പററി നിങ്ങളിൽ ചിലർ ഇപ്പോൾ ചോദ്യംചെയ്യാൻ തുടങ്ങിയിട്ടുണ്ടെന്നു് എനിയ്ക്കറിയാം. നിങ്ങളുടെ ചില ജാതകഗണിതക്കാർ അമ്മയുടെ പ്രായം ഗണിച്ചു ഗണിച്ചു് എന്തെല്ലാം നിഗമനങ്ങളിലാണ് എത്തിച്ചേരുന്നതെന്നോ? അമ്മ ഇപ്പോൾ കാലൂന്നിനില്ക്കുന്ന ഉയൻ പ്രദേശമത്രയും ഒരു കാലത്തു് ആഴമുള്ള കടലായിരുന്നുവെന്നും, ഞാൻ ഇന്നു സഞ്ചരിക്കുന്ന സമതലങ്ങൾ ഒരമ്പതിനായിരം കൊല്ലം മുമ്പു് സമുദ്രത്തിനടിയിലായിരുന്നുവെന്നും മററും അവർ പറയുന്നു. അമ്മയ്ക്കു പ്രായം കുറവാണെന്നു് പറയുന്നവരോടു് ഞങ്ങൾക്കു നന്ദിയേയുള്ളു. എന്നാൽ അമ്മയുടെ നിത്യയൗവനവും സൗന്ദര്യവും കണ്ടു് ചില ഖലന്മാർ അവളെ കൈയടക്കാൻ മോഹിക്കുന്നതിൽ ഞങ്ങൾക്കതിയായ അമർഷമുണ്ടുതാനും.

# II

ഇനി, ഞാൻ എൻെറ ഉന്നതതറവാട്ടിൽ പെററു വീണശേഷമുണ്ടായ കഥകൾ പറയാം. മനുഷ്യരായ നിങ്ങൾ വല്ലവരുമാണ് അത്ര ധന്യവും ഉന്നതവും സുഖസമൃദ്ധവുമായ ഒരു കുലത്തിൽ ജനിച്ചതെങ്കിൽ, മെയ്യനങ്ങാതെ അവിടെത്തന്നെ ചുററിപ്പററിക്കൂടുകയോ, പിന്നെയും മേല്പോട്ടു കുതിച്ചുകയറാൻ തുനിയുകയോ ചെയ്യുമായിരുന്നു. താഴത്തോട്ടു നോക്കുവാനുണ്ടോ നിങ്ങളുടെ കുലമഹിമയും ആഢ്യത്വവും സമ്മതിക്കുന്നു? പക്ഷെ, നദികളായ ഞങ്ങളുടെ ജനനം എത്ര ഉന്നതകുലത്തിലായാലും താഴത്തോട്ടിറങ്ങി താണവരുമായി സമ്പക്കം പുലത്താനും, അവക്ക് തണുപ്പും കൈത്തുണയും അരുളുവാനുമാണ് ഞങ്ങൾ ഒരുങ്ങുക. മാൎഗ്ഗമദ്ധ്യേ എന്തെന്തു പ്രതിബന്ധങ്ങളുണ്ടായാലും, അവയെല്ലാം മുട്ടിയൊഴിഞ്ഞും തട്ടിത്തകത്തും ഞങ്ങൾ താഴത്ത് താണവരുടെ 'സേവന'ത്തിനായി പാഞ്ഞെത്തുകതന്നെ ചെയ്യും.

അമ്മ എന്നെ ലോകസേവനത്തിന്നായി ആശീൎവ്വ

ദിച്ചു പുറത്തേയ്ക്കു വിട്ടതോടെ, ഞാൻ ലഡാക്ക് പ്രദേശത്തിലൂടെ മുന്നോട്ടു പാഞ്ഞു. യാത്രത്തിരക്കിൽ ചുററുപാടിലുള്ള മനോഹരദൃശ്യങ്ങൾ നോക്കിക്കണ്ടാനന്ദിക്കാനൊന്നും എനിയ്ക്കപ്പോൾ നേരമുണ്ടായിരുന്നില്ല. ഒരു സംഗതി ഞാൻ പ്രത്യേകം ഓക്കുന്നു,—ഭാരങ്ങളും പേറിക്കൊണ്ടു കഷ്ടപ്പെട്ടു കടന്നുപോകുന്ന യാക്കമൃഗങ്ങളെ ഞാൻ അവിടവിടെ കാണുകയുണ്ടായി. മനുഷ്യരായ നിങ്ങൾക്കുവേണ്ടി ഭാരിച്ച ചുമടും വഹിച്ചുപോകുന്ന ആ സാധുമൃഗങ്ങളുടെ പേരിൽ എനിയ്ക്കു് വാസ്തവത്തിൽ അനുകമ്പ തോന്നി. അതുപോലെതന്നെ, ഉണങ്ങിവരണ്ടു വിണ്ടുകീറിക്കിടക്കുന്ന ഭൂമിയുടെ വരൾച്ചയും ഫലശൂന്യതയും എൻെറ ഹൃദയത്തെ വല്ലാതെ വേദനിപ്പിക്കുകയും ചെയ്തു. കണ്ടുമുട്ടിയ സകല ജീവജാലങ്ങൾക്കും 'ജീവന' മരുളിക്കൊണ്ടു് ഞാൻ ഒററവീപ്പിൽ ഒരു മുന്നൂറമൈൽ സഞ്ചരിച്ചുകഴിഞ്ഞു. അപ്പോഴുണ്ടു്, ഒരു സഹോദരി പെട്ടെന്നു വന്നു് എന്നെ കെട്ടിപ്പുണരുകയായി. ആരു്? ഷൈയോക്ക് എന്നൊരു നദി,— അവളാണു് എന്നെ തേടിയെത്തിയ ആ കൊച്ചുസഹോദരി.

കാരക്കോരം പർവ്വതനിരയുടെ അടിവാരത്തിൽ നിന്നായിരുന്നു അവളുടെ വരവു്. ആ സഹോദരിയും ഞാനും ഒന്നിച്ചായി, പിന്നത്തെ സഞ്ചാരം. നദികളായ ഞങ്ങൾ കൂട്ടുകൂടുന്നതു്, മനുഷ്യരായ നിങ്ങളേപ്പോലെ ഉടലിങ്ങും ഉയിരങ്ങുമായിട്ടല്ല. ആത്മാവിലാത്മാവിനെ അപ്പിച്ചു് ഉയിരൊന്നായിത്തീരുന്ന ഒരുമയുടെ പാരമ്യമുണ്ടല്ലോ, അതു് നിങ്ങൾ ഞങ്ങളിൽ നിന്നു് കണ്ടു പഠി

ക്കണം. മനുഷ്യരായ നിങ്ങൾ വെള്ളത്തെച്ചൊല്ലി ശണ്ഠ കൂട്ടുന്നതു കാണുമ്പോൾ നദികളായ ഞങ്ങൾക്കു ചിരിവരുന്നു. പല വഴിക്കും ഞങ്ങളിൽ വന്നുചേൎന്ന് ഒന്നായിത്തീരുന്ന വെള്ളത്തെപ്പററി ഞങ്ങളുടെയിടയിൽ യാതൊരവകാശത്തക്കവുമില്ല. ഞങ്ങൾക്കുള്ളതെല്ലാം ഞങ്ങളുടെ പൊതുസ്വത്താണു്. ആ ഭാഗം നില്ക്കട്ടെ. ഷൈയോക്കുമായിച്ചേൎന്ന് ഞാൻ പശ്ചിമഭാഗത്തേയ്ക്കു കുറേക്കൂടി പ്രയാണം ചെയ്തപ്പോൾ, ഗിൽജിത്ത് എന്ന വേറൊരു സഹോദരി വന്നുചേൎന്നു. ഹിമാലയാംബികയുടെ പാദാന്തികത്തിൽ നിന്നു് ഓടിപ്പോന്ന ഒരു ഇളംപൈതലായിരുന്നു ആ സഹോദരി. ഇടയ്ക്കുവച്ചു് വേറെയും ചില കൊച്ചുസഹോദരികൾ എൻെറ വഴിച്ചാൽ തേടിവന്നു് എൻെറ കൂടെച്ചേരുകയുണ്ടായി. വടക്കുള്ള ഹിന്ദുക്കുഷ് പൎവ്വതനിരകളിൽ നിന്നു് വിടവാങ്ങിപ്പോന്ന കാബൂൾനദിയുടെ പേർ ഈ കൂട്ടത്തിൽ പ്രത്യേകം പ്രസ്താവ്യമാണു്.

അനന്തരം ഞാൻ പഞ്ചാബിലെത്തി. അവിടെ അഞ്ചു സഹോദരികളാണു് വഴിക്കുവഴി വന്നു് എന്നെ എതിരേററതു്. പഞ്ചനദികളാൽ ഏകീകരിക്കപ്പെട്ട ആ പ്രദേശത്തിനു് പഞ്ചാബെന്നു് നിങ്ങളുടെ പൂൎവ്വികന്മാർ പേരിട്ടതു് വെറുതേയല്ല. അന്നു് അവരും ഞാനും കണ്ട പഞ്ചാബിൻെറ ഭദ്രതയ്ക്കു് ഉലച്ചിലുണ്ടാക്കുന്ന ചില ക്ഷുദ്രവാസനകൾ ഇപ്പോൾ ഇടയ്ക്കിടെ തലപൊക്കാറുണ്ടെന്നുള്ള കഥ നില്ക്കട്ടെ. പഞ്ചാബിൽവെച്ചു് എന്നെ സ്വീകരിക്കാൻ അവർ കൂട്ടുകൂടിയെത്തിയ സ

ഹോദരികളിൽ ഒരുത്തിയുടെ പേർ ഝലം എന്നാണു്; ഗ്രീക്കുകാർ അവൾക്കു് ഹൈഡസ്പസ് എന്നൊരു പേരുമാററം വരുത്തിയ കഥ ഞാൻ ഓർക്കായ്കയില്ല. കാഷ്മീരിൻെറ വടക്കുകിഴക്കുഭാഗത്തുനിന്നു പുറപ്പെട്ടു് മാർഗ്ഗമദ്ധ്യേ ശ്രീനഗറിലും മററം ശാന്തിയുടെ കുളിർധാര ചൊരിഞ്ഞുചൊരിഞ്ഞു് ട്രിമു എന്ന ദിക്കിലെത്തിയപ്പോൾ ആ സഹോദരിക്കു് ഒരു കൂട്ടുകാരിയെ കിട്ടി,—ചീനാബ് എന്നാണു് അവളുടെ പേരു്. ഹിമാലയപ്രാന്തത്തിലുള്ള കാഷ്മീരിൽ നിന്നുതന്നെയായിരുന്നു അവളുടേയും വരവു്. അവൾ വഴിക്കുവെച്ചു് റാവി എന്ന മറെറാരു സഹോദരിയെ കണ്ടെത്തി. കുളുപർവ്വതങ്ങളിൽ നിന്നു പുറപ്പെട്ടു് ഏതാണ്ടു് 450 നാഴിക ദൂരം ഏകാകിനിയായി സഞ്ചരിച്ച ശേഷമാണു് മേല്പറഞ്ഞ രണ്ടു സഹോദരികളുടെ ആശ്ലേഷം അവൾക്കു ലഭിച്ചതു്.

അവർ മൂവരും കൂടി മുളിപ്പാട്ടും പാടി മുന്നോട്ടു ചെന്നപ്പോൾ സററ്ലജ് എന്ന മറെറാരു സഹോദരി അവരുമായി മേളിക്കാനെത്തി. അങ്ങകലെ തിബത്തിൻെറ ഉപരിമണ്ഡലത്തിൽ, എൻെറ തറവാടിൻെറ പരിസരത്തിൽപ്പെട്ട മാനസസരസ്സിൽ നിന്നു പുറപ്പെട്ടുപോന്ന ആ പിഞ്ചുസഹോദരിക്കു് അവളുടെ ജന്മനാടിൻെറ പവിത്രതയെപ്പററി എന്തൊരഭിമാനമാണെന്നോ? ഉന്നതങ്ങളായ ഹിമവൽപ്രദേശങ്ങൾ ചാടിക്കടന്നു്, സിംലയും ഹോഷിയാപുരവുമെല്ലാം പിന്നിട്ടു് തൊള്ളായിരത്തോളം നാഴിക ഒററയ്ക്കു സഞ്ചരിച്ച ശേഷമാണു് ആ കൊച്ചുകുമാരിക്കു് മേല്പറഞ്ഞവരുമായി കൂട്ടുകൂ

ടുവാൻ കഴിഞ്ഞതു്. ഞാൻ എൻെറ ഏററവും ഇളയ സഹോദരിയായ ബീയാസിൻെറ കാര്യം പറയാൻ വിട്ടുപോയി. ഗ്രീക്കുകാർ അവളെ ഹൈപ്പാസിസ് എന്ന ഓമനപ്പേരുകൊണ്ടാണു് വിളിച്ചിരുന്നതു്. കുളുപള്ള തത്തിൽ നിന്നു പുറപ്പെട്ടു് കാൻഗറാത്താഴ്വരയിലൂടെ വന്നു് പഞ്ചാബിലെത്തിയപ്പോഠം സററ്ലജ് അവളെ കൈനീട്ടി സ്വീകരിച്ചതോടെ, പഞ്ചനദികളുടെ പട്ടിക പൂത്തിയായി.

ഇപ്പറഞ്ഞ അഞ്ചു നദികളും ഒന്നിച്ചു് അവരുടെ മൂത്ത സഹോദരിയായ എനിയ്ക്കു് ആദ്യമായി നല്കിയ സ്വാഗതത്തിൻെറ അലയടികഠം ഇന്നും അഭിനവമായങ്ങനെ തുടന്നുകൊണ്ടിരിക്കുന്നു. അവർ നല്കിയ പോഷണം കൂടിയായപ്പോഠം, ഞാൻ പൂവ്വാധികം ഓജസ്സോടെ പടിഞ്ഞാറോട്ടു കുതിച്ചു. ഇടയ്ക്കുവെച്ചു് സരസ്വതി എന്നൊരു പിഞ്ചുസഹോദരി കുഞ്ഞടിവെച്ചുവെച്ചു് എന്നിൽ വന്നണഞ്ഞു. പാവം സരസ്വതി, അവഠം അല്പായുസ്സായിരുന്നു. അവളുടെ നീർഞരമ്പുകഠംക്കു ക്ഷീണം തട്ടിയതിനാൽ, അവളുടെ കോമളകളേബരം പെട്ടെന്നു് ഉണങ്ങിവരണ്ടുപോയി. വററിപ്പോയ നദികളെ ച്ചൊല്ലി മനുഷ്യരാരും നന്ദി പ്രകാശിപ്പിക്കാറില്ലെന്നു് നിങ്ങളുടെ ഒരു മഹാകവിയായ ടാഗോർ പറഞ്ഞിട്ടുണ്ടെങ്കിലും, എനിയ്ക്കു് എൻെറ ആ അരുമസ്സോദരിയെ അനുസ്മരിക്കാതിരിക്കാൻ വയ്യ. നിങ്ങളുടെ പൂവ്വികന്മാർ നദികളായ ഞങ്ങളെ അനുസ്മരിക്കുക മാത്രമല്ല, പതിവായി നമസ്കരിക്കുകയും ചെയ്തിരുന്നുവെന്നോക്കണം. ഋഗ്വേദ

ത്തിലെ ഒരു കീർത്തനത്തിൽ, ഞങ്ങളിൽ പലരുടേയും പേരുകൾ വിളിച്ചു ജനങ്ങൾ പ്രാർത്ഥിച്ചിരുന്നു.

ഗംഗ, യമുന, സരസ്വതി,
ശതുദ്രി, പരുഷ്ണി, മരുദ്വൃധ
അസികി്നി, വിതസ്ത, ആർജ്ജികീയ,
സുഷോമ-- എന്നിങ്ങനെ പല പേരുകളും ആ

സൂക്തത്തിൽ കാണാം. നിങ്ങളുടെ പൂർവ്വികന്മാർ ഞങ്ങളെ ഇപ്രകാരം നമസ്കരിച്ചിരുന്ന കഥ പോകട്ടെ. നിങ്ങൾ ഞങ്ങളെ നമസ്കരിച്ചില്ലെങ്കിലും വിസ്മരിക്കാതിരുന്നാൽ മതി,— എന്റെ അരുമസ്സോദരിയായിരുന്ന സരസ്വതിയെ വിശേഷിച്ചും. അവളുടെ കാര്യമാണല്ലൊ ഞാൻ പറഞ്ഞുവന്നതും.

എന്റെ ആത്മകഥയുടെ ഒരു രംഗം അവസാനിക്കാറായി,—അമ്മയുടെ മടിത്തടത്തിൽനിന്നു പുറപ്പെട്ടശേഷമുണ്ടായ ഓട്ടത്തിന്റെ രംഗം. എന്റെ തറവാടിന്റെ കുളിരുററ പരിസരങ്ങളിൽനിന്ന് ഒററയോട്ടത്തിന് ഞാൻ ആയിരത്തഞ്ഞൂറു നാഴിക ദൂരത്തോളമിങ്ങു പോന്നുകഴിഞ്ഞു. സേവനം ചെയ്യാവുന്ന രംഗങ്ങളെ ദ്രുതഗതിയിലാണെങ്കിലും ഉടനീളം സർവ്വേചെയ്തു് ഞാൻ കറാച്ചിയിലെത്തി. ഞാൻ എന്റെ പെററമ്മയുടെ സ്തനങ്ങൾ കറന്നും സഹോദരിമാരുടെ കൈമുതലുകൾ പകൎന്നും ശേഖരിക്കുന്ന നിർമ്മലജലത്തിൽനിന്നു വഴിനീളമുള്ള വിതരണം കഴിച്ചു്, ബാക്കിവരുന്ന അംശം സൂക്ഷിക്കുവാൻ പററിയ ഒരു കലവറ വേണമല്ലൊ,— അങ്ങനെയൊരു 'സ്റ്റോറേജ്' കണ്ടുപിടിക്കുവാനായിരുന്നു എ

ൻെറ പിന്നത്തെ ശ്രമം.

ഭാഗ്യത്തിനു് അക്കാൎയ്യം നിഷ്പ്രയാസം സാധിച്ചു. കറാച്ചിയിലെത്തേണ്ട താമസം, അറബിക്കടൽ തന്റെ തിരമാലകളാകുന്ന കരങ്ങൾ നീട്ടി എന്നെ വാത്സല്യപൂൎവ്വം സ്വീകരിക്കയായി; മിനുമിനുത്ത പതയും നരയുമാകുന്ന പുഞ്ചിരി തൂകി ആ തരംഗങ്ങൾ എന്നെ കെട്ടിപ്പുണൎന്നു. മലയുടെ മകളായ ഞാൻ അപ്പോൾ കടലിൻെറ മകളുമായെന്നു പറയാം. നദികളായ ഞങ്ങൾ ഉന്നതങ്ങളായ പൎവ്വതങ്ങളേയും അഗാധങ്ങളായ അലയാഴികളേയും തമ്മിലിണക്കിച്ചേൎക്കുന്ന സ്നേഹശൃംഖലകളാണെന്നു പറഞ്ഞാൽ, മനുഷ്യരായ നിങ്ങൾ അസൂയപ്പെട്ടുമോ എന്തോ!

ഞാൻ കണ്ടെത്തിയ ആ കടലമ്മ എത്ര വിശ്വസ്തയും കണിശക്കാരിയുമാണെന്നോ? കരയിലുള്ള ജീവജാലങ്ങൾക്കെല്ലാം ഉദാരമായി വിതരണംചെയ്തശേഷം ഞാൻ അവളെ ഏല്പിക്കുന്ന കൈമുതലിൻെറ ഓരോ ബിന്ദുവും ആവശ്യമുള്ളപ്പോൾ ഞങ്ങൾക്കും മനുഷ്യരായ നിങ്ങൾക്കും മടക്കിത്തരുവാൻവേണ്ടി അവൾ എത്രയും കണിശമായി സൂക്ഷിച്ചുവെയ്ക്കുന്നു. ആ 'ഡെപ്പോസിററ്' അവൾ മടക്കിത്തരുന്നതു് എപ്പോഴാണെന്നോ? വേനലിൻെറ ചുട്ടചൂടേററു് നിങ്ങളും ഞങ്ങളും വരണ്ടുവരണ്ടു വിഷമിച്ചിരിക്കെ, അവൾ വാനിലേയ്ക്കു് 'മിന്നൽ' വേഗത്തിൽ തൻെറ 'കാൎമ്മേഘ'വിമാനങ്ങളെ വിട്ടു് 'ഇടിമുഴക്കം'പോലുള്ള ശബ്ദഘോഷത്തോടുകൂടി ആ നിക്ഷേപമത്രയും എല്ലാവൎക്കുമായിങ്ങു വൎഷിക്കും. ആദ്യമാ

ദ്യം അല്പം പിശുക്കു കാണിക്കുമെങ്കിലും, പിന്നെപ്പിന്നെ നല്ലൊരു പലിശയോടുകൂടിത്തന്നെയാണു് അവരു ആ ഡെപ്പോസിററു മടക്കിത്തരിക. എൻെറ അനുഭവം പറയാമല്ലോ, ആ കടലമ്മയുടെ ബാങ്കിൽ ഞാൻ നിരന്തരം നിക്ഷേപിച്ചുപോന്നിട്ടുള്ള കൈമുതലിനൊന്നും ഇന്നേവരെ യാതൊരു ഹാനിയും സംഭവിച്ചിട്ടില്ല.

MUNAVIRVL ISLAM HIGH SCHOOL
Date............
ERNAKULAM.

# III

മാനവസംസ്കാരങ്ങൾ പലതും മുളയെടുത്തതു് എന്നേപ്പോലുള്ള നദികളുടെ തീരപ്രദേശങ്ങളിലാണെന്നു് നിങ്ങളുടെ ചരിത്രകാരന്മാർ ഘോഷിക്കാറുണ്ടല്ലോ. അതൊരു പരമാൎത്ഥമാണെന്നു് ആയിരമായിരമാണ്ടത്തെ അനുഭവങ്ങൾ വെച്ചുകൊണ്ടു്— അതേ, വെറും ഊഹാപോഹങ്ങൾ വെച്ചുകൊണ്ടല്ല— എനിയ്ക്കു സാക്ഷിപറയാൻ കഴിയും. ഭാരതസംസ്കാരങ്ങൾ പലതിന്റേയും മുളയെടുപ്പും തലയെടുപ്പും, അവയിൽ ചിലതിന്റെ വീഴ്ചയും തകൎച്ചയുമെല്ലാം കണ്ണിമയ്ക്കാതെ കണ്ടുകൊണ്ടിരുന്നിട്ടുള്ളവളാണു് ഞാൻ. അതുപോലെതന്നെ എന്റെ മറുനാടൻസഹോദരികളായ മറെറത്രയോ മഹാനദികളും ലോകസംസ്കാരത്തിന്റെ കേളീരംഗങ്ങളായിരുന്നിട്ടുണ്ടു്. ഈജിപ്ഷ്യൻപരിഷ്കാരം നൈൽനദീതീരത്തും, മൊസൊപ്പൊട്ടേമിയൻപരിഷ്കാരം യൂഫ്രെറററീസ്-ടൈഗ്രിസ്തടങ്ങളിലുമാണു് മുളയെടുത്തതെന്നു് അറിയാത്തതാരാണു്? ചൈനയിലും പരിഷ്കാരം നാമ്പെടുത്തതു്

ഹ്വാങ്ഹോ, യാങ്ടിസിക്കിയാങ് എന്നീ നദികളുടെ തീരപ്രദേശങ്ങളിലായിരുന്നു. പരിഷ്കാരത്തിൻെറ കേദാരങ്ങളായിത്തീരാൻ നദീതീരങ്ങൾക്കുള്ള പ്രത്യേക സൗകര്യങ്ങൾ എന്തൊക്കെയാണെന്നു് അനുഭവസ്ഥരായ നിങ്ങളെ പറഞ്ഞുമനസ്സിലാക്കേണ്ട അവശ്യമില്ലല്ലൊ. എൻെറ തീരപ്രദേശങ്ങളിൽ പടിപടിയായുണ്ടായ പരിഷ്കാരപുരോഗതിയെ സംബന്ധിക്കുന്ന ചില വിവരങ്ങൾ മാത്രം ഞാൻ ചുരുക്കത്തിൽ സൂചിപ്പിച്ചുകൊള്ളട്ടെ.

എൻെറ തീരങ്ങളിൽ പലേടത്തും മുററിവളരുന്ന കാട്ടുകളിൽ കടന്നു് വേട്ടയാടിക്കഴിഞ്ഞ കിരാതവർഗ്ഗങ്ങളെ എനിയ്ക്കു പണ്ടേ പരിചയമാണു്. വേട്ടയാടിക്കിട്ടുന്ന പദാർത്ഥങ്ങൾകൊണ്ടു വിശപ്പടക്കിയും, എൻെറ കുളിർജലം കോരിക്കുടിച്ചു ദാഹം ശമിപ്പിച്ചും അവരങ്ങനെ ചുററിക്കറങ്ങി നടക്കുകയായിരുന്നു. സ്ഥിരമായി ഒരേടത്തും പാർക്കാതെ നരവർഗ്ഗങ്ങൾ കേവലം നാടോടികളായി നടന്ന കാലമായിരുന്നു അതു്. അങ്ങനെ വേട്ടയാടിയും കന്നുകാലികളെ മേച്ചും ചുററിത്തിരിയുന്ന പല പല കൂട്ടരുടേയും പോക്കും വരവും ഞാൻ കണ്ടിട്ടുണ്ടു്. കാലാന്തരത്തിൽ ചില കൂട്ടർ എൻെറ തീരങ്ങളിൽ പാററിക്കൂടുകയും, വളക്കൂറുള്ള ഭൂമി തിരിഞ്ഞെടുത്തു് അവിടെ പലതരം കൃഷികൾ ആരംഭിക്കുകയുംചെയ്തു. കൃഷിയാണു് പരിഷ്കാരത്തിൻെറ അടിത്തറയെന്നറിയാവുന്ന ഞാൻ ആ മനുഷ്യരുടെ ഉദ്യമത്തെ ഉള്ളഴിഞ്ഞനുഗ്രഹിക്കുകയായി. ഗോതമ്പു്, എള്ളു്, പയർ, ബാർലി മുതലാ

യ പലതരം ധാന്യങ്ങൾ എന്റെ തീരങ്ങളിൽ സമൃദ്ധി യായി വിളഞ്ഞുതുടങ്ങി. കൃഷിപ്പണി നടപ്പായപ്പോൾ ജ നങ്ങളുടെ നാടോടിസ്സീലം മാറി, അവർ ഓരോ ദി ക്കിൽ സ്ഥിരമായി നിലപാടുറപ്പിച്ചു. അങ്ങനെ സ്ഥിര മായ പാർപ്പും, മുറയ്ക്കുള്ള കൃഷിപ്പണിയും, കൃഷിയോട സംബന്ധിച്ചുള്ള കന്നുകാലിവളർത്തലുമൊക്കെക്കൂടിയായ പ്പോൾ അവരുടെ പ്രാകൃതത്വം ക്രമേണ മാറിത്തുടങ്ങി. നഗ്നത് മറയ്ക്കേണ്ട അവശ്യംതന്നെ എന്തെന്നറിയാതെ തിണ്ടാടിനടന്നിരുന്നവർ പതുക്കെപ്പതുക്കെ മെയ്യ് മറയ്ക്കാ നാരംഭിച്ചു. ആദ്യമാദ്യം മരക്കൊമ്പുകളൊടിച്ചു നാട്ടി താ ല്ക്കാലികകുടിലുകളുണ്ടാക്കിയിരുന്ന കൂട്ടർ, ക്രമേണ കളിമ ണ്ണുകൊണ്ടു് ഇഷ്ടികകളുണ്ടാക്കി ചെറിയ മൺപുരകൾ നിർമ്മിക്കുകയായി. പരുത്തിച്ചെടി നട്ടുവളർത്തി അതിൽ നിന്നു് നൂൽനൂററു് ഉടുതുണികളുണ്ടാക്കാനും അവർ മെ ല്ലെ മെല്ലെ പരിശീലിച്ചു. എന്നെ ഉപജീവിച്ചു് പരി ഷ്കാരത്തിലേയ്ക്കു കുഞ്ഞടികൾവെച്ചുതുടങ്ങിയ ആദിമജ നതയുടെ ക്രമാനുഗതമായ ഈ പുരോഗതി ഞാൻ കൺ കുളിർക്കെ കണ്ടാനന്ദിക്കുകയായിരുന്നു. പരിശ്രമശാലി കളും ബുദ്ധിശാലികളും ദൃഢകായരുമായ ആ ജനങ്ങൾ ക്കു് ശോഭനമായ ഒരു ഭാവിയുണ്ടെന്നു് ഞാൻ അന്നേ മ നസ്സിലാക്കി.

ഇരവും പകലും ഇടമുറിയാതൊഴുകിക്കൊണ്ടിരിക്കു ന്ന എന്നെ സാക്ഷിയായി നിർത്തിക്കൊണ്ടു് കാലം പി ന്നെയും മുന്നോട്ടു നീങ്ങി. ശതാബ്ദങ്ങൾ ശതാബ്ദങ്ങളെ പി ന്നിട്ടുകൊണ്ടങ്ങനെ കടന്നുപോയി. എന്റെ അന്തേവാ

സികളായ ജനങ്ങളുടെ അഭിവൃദ്ധിയും മേല്ക്കുമേൽ മുന്നേറിക്കൊണ്ടിരുന്നു. അവരുടെ പഴയ മൺപുരകളുടേയും മററും സ്ഥാനത്തു് മനോഹരങ്ങളായ മണിസൗധങ്ങളും, ഗംഭീരങ്ങളായ നഗരങ്ങളും ഉയൎന്നുകാണായി. അന്നോളം അറിയപ്പെടാതിരുന്ന അനേകം പരിഷ്കാരങ്ങൾ ആ ജനങ്ങളുടെയിടയിൽ പ്രചരിച്ചു. ചുരുക്കിപ്പറയാം: ശുദ്ധജലവും വളക്കൂറുള്ള ഭൂമിയും തേടിവന്നു് എൻെറ ചുററിലും താവളമടിച്ച ഈ ആദിമവൎഗ്ഗങ്ങൾ തങ്ങളുടേതായ ഒരു സംസ്കാരം കെട്ടിപ്പടുത്തു. അതിനു് ഞാനും എൻെറ സഹോദരികളും പല സംഭാവനകളും നല്കിയിട്ടുണ്ടു്. അന്നത്തെ മനോഹരനഗരങ്ങളിൽ ഒന്നെങ്കിലും ഇന്നു് ശേഷിച്ചിരുന്നുവെങ്കിൽ, ഏതാണ്ടു് അയ്യായിരം കൊല്ലംമുമ്പു് എൻെറ തീരത്തു മുളച്ചുപടൎന്ന പ്രാചീനസംസ്കാരത്തിൻെറ യഥാൎത്ഥ സ്വഭാവം നിങ്ങൾക്കു ശരിയായി മനസ്സിലാകുമായിരുന്നു. ഇന്നു് ഭാഗ്യവശാൽ, ആ സംസ്കാരത്തിൻെറ ചില നഷ്ടശിഷ്ടങ്ങളെങ്കിലും നോക്കിക്കാണുവാൻ നിങ്ങൾക്കവസരം ലഭിച്ചിട്ടുണ്ടെന്നു് സമാധാനിക്കുക. മോഹൻജൊദാരോ, ഹരപ്പ എന്നീ രണ്ടു പ്രാചീന നഗരങ്ങളുടെ ചില ചില നഷ്ടശിഷ്ടങ്ങൾ അടുത്തകാലത്തു് കണ്ടുകിട്ടിയ സംഭവത്തേയാണു് ഞാൻ ഇവിടെ സൂചിപ്പിച്ചതു്.

പ്രാചീന സംസ്കാരത്തിൻെറ വിജയസ്തംഭങ്ങളായി ഞങ്ങളുടെ കൺമുമ്പിൽ ഉയൎന്നുനിന്ന ആ നഗരങ്ങളും അതുപോലുള്ള മററു പല കേന്ദ്രങ്ങളും ഈയുള്ളവരുടെ കൺമുമ്പിൽവെച്ചുതന്നെ മൺമറഞ്ഞുപോയിട്ടു് കാലം

എത്രയോ കഴിഞ്ഞു. 'മരിച്ചവരുടെ കുന്നു്' എന്നർത്ഥം വരുന്ന 'മോഹൻജൊ ദാരോ' (മോഹൻജൊ=മരിച്ചവരുടെ; ദാരോ=കുന്നു്) എന്ന പേരിൽ ഇപ്പോഠം അറിയപ്പെടുന്ന നഗരം നിന്നിരുന്നതു് സിൻഡ്പ്രദേശത്തു് എന്റെ വലത്തെത്തീരത്തായിട്ടാണു്; ഹരപ്പ നിലകൊണ്ടിരുന്നതു് പഞ്ചാബിൽ എന്റെ സഹോദരിയായ റാവിയുടെ ഇടത്തേക്കരയിലും. ഹരപ്പയുടെ സ്ഥാനം കണിശമായിപ്പറഞ്ഞാൽ, ഇന്നത്തെ ലാഹോറിന്റേയും മുൾട്ടാന്റേയും മദ്ധ്യത്തിലായിരുന്നു. ഞങ്ങഠം നീരൂട്ടിവളർത്തിയ ആ പ്രാചീനനഗരങ്ങഠം രണ്ടും ആയിരമായിരം കൊല്ലം മുമ്പു് മണ്ണടിഞ്ഞുപോയ കഥ ആധുനികരായ നിങ്ങഠം അറിഞ്ഞതെന്നാണെന്നോ? നിങ്ങളുടെ വത്സരക്കണക്കനുസരിച്ചു പറയുകയാണെങ്കിൽ, 1861-ാമാണ്ടിൽ മാത്രമാണു് പ്രസ്തുത പുരാതനനഗരങ്ങളെപ്പററി നിങ്ങഠംക്കൊരു സൂചന കിട്ടിയതു്. അതെങ്ങനെയായിരുന്നുവെന്നു് നിങ്ങഠം കേട്ടിരിക്കുമെങ്കിലും, എനിയ്ക്കു നേരിട്ടറിയാവുന്ന സംഭവമായതുകൊണ്ടു് ഞാൻതന്നെ അതും പറയാം. ആയിടെ ഈസ്റ്റേൺ റെയിൽവേക്കാർ ഒരു പുതിയ തീവണ്ടിപ്പാത തുറക്കുന്നുണ്ടായിരുന്നു. അതിനായി നിയമിക്കപ്പെട്ടിരുന്ന ജോലിക്കാർ നിലം വെട്ടിക്കുഴിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്കു്, ചില പഴയ കെട്ടിടങ്ങളുടേയും മററും അവശിഷ്ടങ്ങഠം അവരുടെ ദൃഷ്ടിയിൽപ്പെട്ടു. കഴിയുന്നത്ര വേഗത്തിൽ തീവണ്ടിപ്പാത വെട്ടിത്തുറക്കാൻ നിയുക്തരായിരുന്ന ആ കേവലന്മാരുണ്ടോ അവരുടെ കണ്ണിൽപ്പെട്ട പുരാതനവസ്തുക്കഠംക്കു് വല്ല വി

ലയും കല്പിക്കുന്നു? അവർ കൈയിൽ കിട്ടിയേടത്തോളം കല്ലും കട്ടയുമെല്ലാം തീവണ്ടിപ്പാത ഉറപ്പിക്കാൻ ഉപയോഗിച്ചു.

എന്നാൽ, ഭാഗ്യത്തിന്നു് ആ പുരാതനവസ്തുക്കളുടെ നാമ്പും തുമ്പും കണ്ട സ്ഥാനങ്ങൾ ക്രമേണ അധികൃതന്മാരുടെ ശ്രദ്ധയ്ക്കു വിഷയമായി. വിദഗ്ധരായ ചില ഗവേഷകരുടെ മേൽനോട്ടത്തിൽ അവിടങ്ങളിൽ വിപുലമായ തോതിൽ ഭൂഖനനം നടന്നുതുടങ്ങി. കണ്ണുള്ള ആ ഗവേഷകന്മാരിൽ കണ്ണിംഗ്ഹാം, ജോൺ-മാർഷൽ, മോർട്ടിം വീലർ മുതലായവരോട്ടു് ഞങ്ങൾ മാത്രമല്ല, ചരിത്രപ്രിയമുള്ള മാനവലോകം മുഴുവനും ബഹുധാ കടപ്പെട്ടിരിക്കയാണു്. എനിയ്ക്കും എന്റെ സഹോദരിയായ റാവിയ്ക്കും ഇക്കാര്യത്തിലുള്ള കടപ്പാടും കൃതജ്ഞതയും എത്രയാണെന്നു് പറഞ്ഞറിയിക്കാൻ പ്രയാസം. ഒരു കെട്ടിടമോ കുന്നോ ഇടിഞ്ഞുവീണു് അപമൃത്യുവടഞ്ഞ മക്കളുടെ മൃതദേഹങ്ങൾ മററുള്ളവർ വളരെ കഷ്ടപ്പെട്ടു് കല്ലും മണ്ണും മാററി പുറത്തെടുക്കുമ്പോൾ, ആ പരേതരുടെ മാതാപിതാക്കൾക്കുണ്ടാകുന്ന മാതിരി വികാരങ്ങളാണു് എനിയ്ക്കും റാവിയ്ക്കുമുള്ളതെന്നു് നിങ്ങൾ ഗ്രഹിച്ചാലും. ആ മഹാനഗരങ്ങളുടെ നഷ്ടശിഷ്ടങ്ങൾക്കിടയിൽനിന്നു് നിങ്ങൾ കണ്ടെടുത്തിട്ടുള്ള ഏതാനും സാധനങ്ങളുടെ വെളിച്ചത്തിൽത്തന്നെ ഞാൻ ചില വിവരങ്ങൾ കൂടി പറയാം.

# IV

മനുഷ്യരായ നിങ്ങാം ഇന്നു് എന്തിലുമേതിലും വർഗ്ഗവും വംശവും നോക്കുന്നവരാണല്ലൊ. ആ വാസന വെച്ചുകൊണ്ടു്, നിങ്ങളുടെ ഗവേഷകന്മാർ മോഹൻജൊദാരോയിലേയും, ഹരപ്പയിലേയും ശ്മശാനങ്ങളിൽ നിന്നു കിട്ടിയ മനുഷ്യാസ്ഥികാം പരിശോധിച്ചു് ചില നിഗമനങ്ങളിലെത്തിയിട്ടുള്ള വിവരം എനിയ്ക്കറിയാം. ആ പ്രാചീനജനങ്ങളെ അവർ നാലു വർഗ്ഗങ്ങളായി തരംതിരിച്ചിരിക്കുന്നു: (1) പ്രോട്ടോ അസ്ട്രോലോയിഡ് (2) മെഡിററേനിയൻ (3) ആൽപൈൻ (4) മംഗോളിയൻ. കൊള്ളാം, നിങ്ങളുടെ ശാസ്ത്രജ്ഞന്മാരുടെ ഈ വംശവിശകലനത്തെ ഞാനും ശരിവെയ്ക്കുന്നു. എന്നാൽ അവക്കോ അവരുടെ ശാസ്ത്രോപകരണങ്ങാംക്കോ, കണ്ടുപിടിക്കാൻ കഴിയാത്ത ഒരു പരമാർത്ഥം എനിയ്ക്കു പറയുവാനുണ്ടു്. അതെന്താണെന്നല്ലേ?

മേല്പറഞ്ഞ ഭിന്നവർഗ്ഗങ്ങളെല്ലാം 'ഒരു ചരടിലിണക്കിക്കോർത്ത പുഷ്പങ്ങളേ'പ്പോലെ ഒരുമയിൽ കഴിഞ്ഞിരുന്നവരാണു്. ഞങ്ങളുടെ തീരങ്ങളിൽ നിലകൊണ്ടിരുന്നതായി നിങ്ങാം ഇപ്പോാം വളരെ പുകഴ്ത്തിപ്പറയാറുള്ള ആ പുരാതനസംസ്കാരം, പല നരവംശങ്ങാം കൊളുത്തിയ കരിന്തിരികാം ചേൎന്നാണു് ഉജ്ജ്വലവും അവിസ്മരണീയവുമായ ഒരു പന്തമായിത്തീൎന്നതു്. ചുരുക്കത്തിൽ, അതു് പല നരവംശങ്ങളുടേയും കൂട്ടുസ്വത്തെന്നു പറയാവുന്ന ഒരു സങ്കരസംസ്കാരമായിരുന്നു. ആ വിവി

ധവൎഗ്ഗങ്ങളുടെ ജീവിതരീതികളും പെരുമാററങ്ങളും നേരിട്ടു കണ്ടിട്ടുള്ളവളാണു് ഞാൻ. അവർ വൎഗ്ഗവ്യത്യാസത്തെച്ചൊല്ലിയോ, മതം ഭാഷ ആചാരം എന്നിവയെ ച്ചൊല്ലിയോ കലഹിക്കുന്ന കൂട്ടരല്ലായിരുന്നു. അതുകൊണ്ടാണു് അവൎക്കു് തങ്ങളുടെ കൈമുതലുകളെല്ലാം ഒന്നിച്ചുചേൎത്തു്, മൺമറഞ്ഞാലും കൺമറയാനാവാത്ത മഹത്തായ ഒരു സംസ്കാരം കെട്ടിപ്പടുക്കുവാൻ സാധിച്ചതു്. ഹാ! അന്നത്തെ സ്ഥിതിയും ഇന്നത്തെ സ്ഥിതിയും തമ്മിലെന്തൊരന്തരം!

മോഹൻജൊദാരോയിലേയും, ഹരപ്പയിലേയും ജനങ്ങൾ മതവിശ്വാസികളായിരുന്നുവെന്നതിനും ഞാൻ ദൃക്സാക്ഷിയാണു്. ആ വസ്തുതയ്ക്കുള്ള ചില തെളിവുകൾ നിങ്ങളുടെ ഗവേഷകന്മാൎക്കു് കിട്ടിയിട്ടുമുണ്ടല്ലൊ. അയ്യായിരം കൊല്ലം മുമ്പു് ജീവിച്ചിരുന്ന ആ ജനങ്ങൾ പ്രായേണ പ്രകൃതിയെ ആരാധിക്കുന്നവരായിരുന്നു. അവർ മിക്കവാറും കൃഷിക്കാരായിരുന്നതുകൊണ്ടു് അമ്മദൈവത്തെയാണു് മുഖ്യമായി ആരാധിച്ചിരുന്നതു്. അമ്മദൈവത്തെക്കുറിച്ചുള്ള ആശയം എൻെറ തീരങ്ങളിൽ പാൎത്തിരുന്നവൎക്കു മാത്രമല്ല, എൻെറ സഹോദരികളായ യൂഫ്രെററീസ്-ടൈഗ്രീസ് നദികളുടെ തീരങ്ങളിൽ അധിവസിച്ചിരുന്നവൎക്കുമുണ്ടായിരുന്നുവെന്നു് ഞാൻ കേട്ടിട്ടുണ്ടു്. അന്നത്തെ അമ്മദൈവം ഇന്നും തീരെ 'അന്യംനിന്നു' പോയിട്ടില്ലെന്നു് നിങ്ങളിൽ ചിലൎക്കെങ്കിലും അറിയാമല്ലൊ. നിങ്ങളുടെ ഗവേഷകന്മാർ ഹരപ്പയിൽനിന്നു് മൂന്നു മുഖങ്ങളുള്ള ഒരു ദേവൻെറ പ്രതിമ കണ്ടെടുത്ത

ത്തു് നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? അതു് ശിവന്റെ പ്രതിമയാണെന്നു് ആ ഗവേഷകന്മാർ ഊഹിക്കുന്നതിൽ തെററില്ല. ആ വിഗ്രഹത്തിന്റെ ചുററിലും ഒരു മൃഗഗണം ഉള്ളതായി നിങ്ങൾ കണ്ടിരിക്കും. നിങ്ങളുടെ ശിവനു് പശുപതി എന്നുകൂടി പേരുണ്ടല്ലോ.

ഹരപ്പയിലേയും മററും പ്രാചീനജനങ്ങൾ മരണാനന്തരജീവിതത്തിൽ വിശ്വാസമുള്ളവരായിരുന്നുവെന്നുകൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ. അതിനുള്ള ചുരുക്കം ചില ലക്ഷ്യങ്ങൾ നിങ്ങളുടെ ഗവേഷകന്മാരുടെ പക്കൽത്തന്നെ കാണും. മൃതദേഹങ്ങൾ സംസ്കരിക്കുമ്പോൾ പരലോകത്തെ ആവശ്യത്തിനുള്ള ചില സാധനങ്ങൾകൂടി ശവകുടീരങ്ങളിൽ നിക്ഷേപിച്ചിരുന്നതു് മേല്പറഞ്ഞതിനു് ഒരു തെളിവാണു്. മാല, മോതിരം, കൈവള, കാൽച്ചിലമ്പു് മുതലായ പലതരം ആഭരണങ്ങളും, ചെമ്പുകൊണ്ടുള്ള മുഖക്കണ്ണാടികളും, പലതരം സുഗന്ധദ്രവ്യങ്ങളും, കണ്ണെഴുതാനുള്ള കമ്പുകളുമെല്ലാം ശവകുടീരങ്ങളിൽ നിക്ഷേപിക്കാറുണ്ടായിരുന്നു. ശവം മറവുചെയ്യുമ്പോൾ വലത്തു കൈയുടെ മൂന്നാമത്തെ വിരലിൽ ഒരു ചെമ്പുമോതിരം അണിയിക്കുവാനും അന്നുള്ളവർ മറന്നിരുന്നില്ല. നിങ്ങളുടെ ഗവേഷകന്മാർ കണ്ടെത്തിയ ഒരു കുടീരത്തിൽ ശവത്തിന്റെ കാല്ക്കൽ ഒരു ചെറിയ വിളക്കും, ഒരു കോഴിയുടെ അസ്ഥിപഞ്ജരവും ഉണ്ടായിരുന്ന വിവരം നിങ്ങൾ അറിഞ്ഞിരിക്കാം. ഏതായാലും, ആ പ്രാചീനജനങ്ങളുടെ പരലോകയാത്ര വെറുംകൈയായിട്ടായിരുന്നില്ലെന്നു സ്പഷ്ടം.

ഇനി, അന്നത്തെ ജനങ്ങളുടെ ജീവിതസമ്പ്രദായ ങ്ങളെയും അവർ ഏർപ്പെടുത്തിയിരുന്ന ജീവിതസൗകര്യ ങ്ങളെയും കുറിച്ചു് അല്പം വിശേഷങ്ങൾ പറയാം. ശു ചിത്വം ഒരു ജനതയുടെ പരിഷ്കാരചിഹ്നവും ആരോ ഗ്യലക്ഷണവുമായി നിങ്ങളും അംഗീകരിക്കുമല്ലൊ. ശു ചിത്വം പാലിക്കുവാനാവശ്യമുള്ള മുഖ്യപദാർത്ഥമായ ശു ദ്ധജലത്തിന്റെ കാര്യത്തിൽ, എന്റേയും സഹോദരിക ളുടേയും തീരപ്രദേശങ്ങളിൽ വസിക്കുന്നവർക്ക് പ്രകൃത്യാ തന്നെ ധാരാളം സൗകര്യങ്ങളുണ്ടെന്നുവയ്ക്കുക. എന്നാൽ മോഹൻജൊദാരോയിലേയും, ഹരപ്പയിലേയും പ്രാചീന ജനങ്ങൾ ജലവിതരണത്തിനു് അവരുടെ പാർപ്പിടങ്ങളിൽ തന്നെ എന്തെല്ലാം സജ്ജീകരണങ്ങളാണു് ചെയ്തിരു ന്നതെന്നോ?

അവർ വീടുകളിൽ പൈപ്പുകളിണക്കി 'ഷവർ ബാത്തു്' നടത്തുവാൻപോലും ഏർപ്പാടുചെയ്തിരുന്നുവെ ന്നു കേട്ടാൽ നിങ്ങൾ അത്ഭുതപ്പെട്ടുമായിരിക്കും. പൊതു ജനങ്ങൾക്കു കുളിക്കാനുള്ള സ്നാനഘട്ടങ്ങൾ ആ നഗരങ്ങ ളുടെ ഒരു പ്രത്യേകതയായിരുന്നു. ഇപ്പറഞ്ഞ കുളങ്ങൾ ഇഷ്ടികയും സിമൻറുംകൊണ്ടു് എത്രയോ ഉറപ്പിലും ഭംഗി യിലുമാണു് കെട്ടിപ്പടുത്തിരുന്നതു്; കുളങ്ങളുടെ ചുററി ലും കുളിപ്പുരകളുമുണ്ടായിരുന്നു. നഗരങ്ങൾതന്നെ നശി ച്ചുപോയിട്ടും, ആണ്ടുകൾ ആയിരക്കണക്കിനു കടന്നു പോയിട്ടും, ആ കുളങ്ങൾ ഇന്നും നിലനില്ക്കുന്നതിൽനി ന്നു് അവയുടെ കെട്ടുറപ്പു് നിങ്ങൾക്കു മനസ്സിലാക്കാം. മോഹൻജൊദാരോയിൽ നിങ്ങളുടെ ഗവേഷകന്മാർ ക

ണ്ടെത്തിയ കുളത്തിന്റെ ഒരു സവിശേഷതകൂടി ഇവിടെ ഓർപ്പിച്ചുകൊള്ളട്ടെ. കുളത്തിലെ വെള്ളം മലിനമാകുമ്പോൾ അതു് പുറത്തേയ്ക്കു കളയാൻ വൻതരം കുഴലുകൾ കൂടി ഇണക്കിയിരുന്നുവെന്നതാണു് ആ വിശേഷം.

മണ്ണടിഞ്ഞുപോയ ആ മഹാനഗരങ്ങളിൽ നിലകൊണ്ടിരുന്ന കെട്ടിടങ്ങളുടെ കഥയാണു് ഇനി ഞാൻ പറയാൻ പോകുന്നതു്. തെരുവീഥികൾ തിരിച്ചു് വരിവരിയായി പണിയിച്ച വീടുകളിലാണു് ജനങ്ങൾ പാർത്തിരുന്നതു്. കെട്ടിടങ്ങൾക്കു് വലുപ്പച്ചെറുപ്പമെന്ന വ്യത്യാസമുണ്ടെങ്കിലും, അവയുടെ പ്ലാനെല്ലാം മിക്കവാറും ഒരുപോലെയായിരുന്നു. പാർപ്പിനും കച്ചവടത്തിനും പററിയ പാകത്തിലായിരുന്നു പല കെട്ടിടങ്ങളുടേയും നിർമ്മാണം. ഇരുനിലക്കെട്ടിടങ്ങളാണെങ്കിൽ, കീഴ്ഭാഗം കച്ചവടത്തിനും മുകൾഭാഗം പാർപ്പിനും ഉപയോഗിക്കുകയായിരുന്നു പതിവു്. നിങ്ങളുടെ പല പട്ടണങ്ങളിലും കാണാറുള്ള ജീവിതരീതി അന്നേ ആ പ്രാചീനനഗരങ്ങളിൽ നടപ്പിലായിക്കഴിഞ്ഞിരുന്നുവെന്നു് വ്യക്തം. മാത്രമല്ല, നിങ്ങൾ ഇന്നു് അതിഗൗരവമായി ആലോചിക്കുകയും പറയുകയും ചെയ്യാറുള്ള 'ടൗൺപ്ലാനിംഗ്' പദ്ധതികളില്ലേ, അവയും ആ പുരാതനനഗരങ്ങളിൽ അനേകായിരം കൊല്ലങ്ങൾക്കു മുമ്പുതന്നെ നടപ്പായിക്കഴിഞ്ഞിരുന്നു.

ആ നഗരങ്ങളിൽ കെട്ടിടനിർമ്മാണത്തിനു് ചുട്ട ഇഷ്ടികകളാണു് പ്രായേണ ഉപയോഗിച്ചിരുന്നതു്. നിങ്ങളുടെ ഗവേഷകന്മാർ ആ ഇഷ്ടികകളിൽ ചിലതിന്റെ

അളവുകൾ കുറിച്ചുവെച്ചിരിക്കുന്നതു് നിങ്ങൾ കണ്ടിട്ടില്ലേ? പതിനൊന്നു് ഇഞ്ചു നീളവും, അഞ്ചര ഇഞ്ചു വീതിയും, രണ്ടരഇഞ്ചു കനവുമാണു് സാധാരണ ഇഷ്ടികകൾക്കുള്ളതെന്നു് അവർ പറയുന്ന കണക്കു് ശരിയാണു്. ഭിത്തികളുടെ അകവും പുറവും കളിമണ്ണു പൂശി മിനുസപ്പെടുത്തുകയായിരുന്നു അന്നത്തെ പതിവു്. അലങ്കാരപ്പണികളുള്ള ഇഷ്ടികകൾ കൊണ്ടു് കെട്ടുന്ന ഭിത്തികൾ മാത്രമേ കളിമണ്ണു് പൂശാതെ വിട്ടിരുന്നുള്ളു.

തെരുവീഥികളിൽ അണിയണിയായി നില്ക്കുന്ന വീടുകൾ ഓരോന്നിനും മുൻഭാഗത്തു് ഓരോ പ്രവേശനദ്വാരം മാത്രമാണുണ്ടായിരുന്നതു്. ആ വാതിലുകളുടെ ശരാശരി വീതി മൂന്നു് അടി നാലു് ഇഞ്ചാണെന്നു് നിങ്ങളുടെ ആൾക്കാർ കണക്കെടുത്തുവെച്ചിട്ടുണ്ടു്. കിളിവാതിലുകളുടെ കാര്യത്തിൽ അന്നുള്ളവർക്കു് വലിയ നിഷ്കർഷയുണ്ടായിരുന്നില്ല; ഭിത്തികളിൽ വളരെ മുകൾഭാഗത്തായിട്ടു് അഴികളിട്ട ചില പഴുതുകൾ കാണുമെന്നു മാത്രം. വീടുകൾക്കു് കക്കൂസ് പ്രത്യേകമുണ്ടായിരുന്നില്ലെങ്കിലും, കുളിമുറി പ്രധാനമായിരുന്നു. വീടുകളിൽനിന്നുള്ള മലിനജലവും മററു മലീമസപദാത്ഥങ്ങളും ഓവുചാലുകളിൽക്കൂടി പുറത്തേയ്ക്കു പോവാനും, ഭൂമിയ്ക്കടിയിലുള്ള വലിയ കാനകൾ മുഖേന അവയെല്ലാം സംഭരിച്ചു് അപ്പൊഴപ്പോൾ നീക്കം ചെയ്യാനുമുള്ള 'ഡ്രെയിനേജ്' പദ്ധതി ആ പുരാതനനഗരങ്ങളിൽ അന്നേ നടപ്പായിക്കഴിഞ്ഞിരുന്നു. ഇപ്പറഞ്ഞ ശുചീകരണപരിപാടികളെപ്പററി കേൾക്കുമ്പോൾ, നിങ്ങളുടെ ചില മുനിസിപ്പാലിററി

ക്കാർ മൂക്കിന്മേൽ വിരൽവെച്ചു നിന്നുപോകും.

പണക്കാരുടെ വീടുകൾക്കുണ്ടായിരുന്ന ഒരു വിശേഷത, അവയുടെ മുൻഭാഗത്തു് നല്ലൊരങ്കണമുണ്ടായിരുന്നുവെന്നുള്ളതാണു്. ആ അങ്കണത്തിലേയ്ക്കുള്ള പടിവാതിൽ തെരുവീഥിയിൽ നിന്നു നേരെയായിരുന്നില്ല; മുൻഭാഗത്തുനിന്നു് ഒരു വശത്തേയ്ക്കല്പം മാറിയുള്ള നടപ്പാതയിലൂടെയായിരുന്നു മുററത്തെയ്ക്കുള്ള പ്രവേശനം. അവിടെ ഒരു കാവൽക്കാരൻ എപ്പോഴുമുണ്ടായിരിക്കുകയും ചെയ്യും. പണക്കാരുടെ മണിമന്ദിരങ്ങളും അവരുടെ കാവൽക്കാരും അങ്ങനെ നിൽക്കട്ടെ. പാവപ്പെട്ടവരുടെ പാർപ്പിനു് വരിവരിയായി പണിയിച്ചിട്ടിരുന്ന കെട്ടിടങ്ങളും ആ നഗരങ്ങളിൽ ധാരാളമുണ്ടായിരുന്നു. ചരടു കെട്ടിപ്പിടിച്ച മാതിരി രണ്ടു വരികളായിട്ടായിരുന്നു ആ കെട്ടിടങ്ങളുടെ നിലപാടു്; അവയുടെ നടുവിൽ ഒരു നേരിയ നടവഴിയും, മുമ്പിൽ പെരുവഴിയും കാണാമായിരുന്നു. ഈ ഭവനങ്ങൾക്കു സാമാന്യേന രണ്ടു മുറികളാണുണ്ടായിരുന്നതു്; ഒന്നു വലുതും മറേറതു ചെറുതും. അവിടെ പാൎക്കുന്നവരുടെ ആവശ്യത്തിലേയ്ക്കു് ജലവിതരണത്തിനുള്ള പ്രത്യേക കിണറുകളുമുണ്ടായിരുന്നു. ജനങ്ങളിൽ എല്ലാത്തരക്കാൎക്കും പാർപ്പിടവും മററു ജീവിതസൗകര്യങ്ങളും നല്കുന്ന ഒരു ഭരണക്രമത്തിൻെറ കൈമുദ്രകളാണു് നിങ്ങൾ സൎവ്വത്ര കാണുക.

മൺമറഞ്ഞുപോയ ആ മനോഹരനഗരങ്ങളെപ്പററി ഇനിയും എത്രയെത്ര കഥകൾ പറയാനുണ്ടെന്നോ?

നിങ്ങൾക്കു് മടുപ്പുതോന്നുന്നില്ലെങ്കിൽ കുറച്ചു വിശേഷങ്ങൾ കൂടി തുടൎന്നുപറയാം.

## V

ആ പുരാതനനഗരങ്ങളിലെ സ്ത്രീകൾ ആഭരണങ്ങൾ അണിയാറുണ്ടായിരുന്നോ? നിങ്ങളുടെ നാരീമണികൾ എടുത്തുചോദിക്കാനിടയുള്ള ഒരു ചോദ്യമാണിതു്. അന്നു് പുരുഷന്മാരും ആഭരണങ്ങൾ അണിയാറുണ്ടായിരുന്ന സ്ഥിതിയ്ക്കു് പെണ്ണുങ്ങളുടെ കഥ പറയാനുണ്ടോ? മോഹൻജൊദാരോയിലും, ഹരപ്പയിലും ഗവേഷണം നടത്തിയ നിങ്ങളുടെ ആൾക്കാർതന്നെ എന്തെല്ലാംതരം ആഭരണങ്ങളാണെന്നോ കണ്ടെടുത്തിട്ടുള്ളതു്? അവർ അവിടെ കിളച്ചു മറിച്ചുനോക്കിയ പല സ്ഥലങ്ങളിൽ നിന്നും മാല, മോതിരം, കൈവള, കാൽച്ചിലമ്പു്, കൎണ്ണഭൂഷണം, മൂക്കുകുത്തി മുതലായ ആഭരണങ്ങൾ കണ്ടുകിട്ടിയിരിക്കുന്നു.

നിങ്ങളുടെ കൂട്ടർ ഹരപ്പയിൽ നടത്തിയ ഒരു ഖനനജോലിയുടെ ഫലം അവർ പറഞ്ഞു നിങ്ങൾ കേട്ടിരിക്കും. അവർ ഒരു ചെറിയ വീടിൻെറ തറ ഏഴെട്ടടി ആഴത്തിൽ ഒന്നു കുഴിച്ചുനോക്കിയപ്പോൾ കിടക്കുന്നു, പലതരം ആഭരണങ്ങളുടെ ഒരു കൂമ്പാരം! മണിമാലകളും മററം മററമായി അഞ്ഞൂറോളം സ്വൎണ്ണപ്പണ്ടങ്ങളും, വിലപ്പിടിച്ച അനേകം രത്നങ്ങളുമാണു് അവിടെ അവർ കണ്ടതു്! അത്രയും ആഭരണങ്ങൾ ഒരു പാഴ്ക്കുടിലിൻെറ

അടിത്തറയിൽ മറഞ്ഞുകിടക്കാനിടവന്നതിന്റെ രഹസ്യം ഈ എനിയ്ക്കു തന്നെയും അറിഞ്ഞുകൂടാ. ഒന്നുകിൽ ഏതോ ആഭരണക്കട കുത്തിത്തുരന്ന വല്ല ചോരന്മാരോ, അല്ലെങ്കിൽ ചോരന്മാരെ ഭയന്നു് വല്ല പണക്കാരൊ കുഴിച്ചിട്ടതാവാം ആ നിക്ഷേപം. ഏതായാലും, ആ പണ്ടങ്ങൾ അന്നത്തെ ജനങ്ങളുടെ ആഭരണഭ്രമത്തിന്നും ധനശക്തിയ്ക്കും ഒന്നുപോലുള്ള ഒരു തെളിവാണെന്നു് ഞാൻ പറയാതെതന്നെ നിങ്ങൾ സമ്മതിക്കുമല്ലൊ. രത്നക്കല്ലുകളും മററും കടഞ്ഞെടുത്തു് വമ്പിച്ച വ്യാപാരം നടത്തുന്ന വണിക്കുകൾ എന്റെ തീരപ്രദേശങ്ങളിൽ അന്നുണ്ടായിരുന്നുവെന്നുകൂടി ഞാൻ ഇക്കൂട്ടത്തിൽ പറഞ്ഞുകൊള്ളട്ടെ.

അന്നത്തെ സ്ത്രീകളുടെ വസ്ത്രധാരണരീതിയും ഞാൻ ഓക്കുന്നു. അവർ തങ്ങളുടെ നീണ്ട ഉടയാടയുടെ തുമ്പു് വലത്തേത്തോളിൽക്കൂടി വലിച്ചുടുക്കുകയായിരുന്നു പതിവു്. മുടി കോതി മിനുസപ്പെടുത്തുന്നതിൽ ആ മഹിളാമണികൾ കാണിച്ചിരുന്ന ശ്രദ്ധ ഇന്നുള്ളവരുടേതിലും ഒട്ടും കുറവായിരുന്നില്ല. മിനുമിനുത്ത ആ മുടിക്കെട്ടിൽ അവർ ചില ആഭരണങ്ങളും അണിയാറുണ്ടായിരുന്നു.

പ്രസ്തുത പുരാതനനഗരങ്ങളിൽനിന്നു കുഴിച്ചെടുത്ത സാധനങ്ങളുടെ കൂട്ടത്തിൽ പലതരം മൃഗങ്ങളുടെ പ്രതിമകൾ നിങ്ങൾ കാണും. കാള, പശു, കുതിര, എരുമ, ആടു്, പട്ടി, പൂച്ച, മുയൽ, പന്നി, ഒട്ടകം, മാൻ, കുരങ്ങു്, കണ്ടാമൃഗം, ആന, കരടി മുതലായ പല ജന്തുക്കളുടേയും പ്രതിമകൾ ആ കൂട്ടത്തിലുണ്ടു്. അവ കാണു

മ്പോൾ, പ്രതിമാനിൎമ്മാണകലയിൽ അന്നത്തെ ആളുകൾക്കുണ്ടായിരുന്ന വാസനയാവാം നിങ്ങളുടെ ചിന്തയ്ക്കു് ആദ്യം വിഷയമാകുക. അതോടൊപ്പം, നിങ്ങളുടെയിടയിൽ ഇപ്പോഴുള്ള മൃഗങ്ങൾതന്നെ ആ പുരാതനനഗരങ്ങളിലും ധാരാളമുണ്ടായിരുന്നിരിക്കണമെന്നു് നിങ്ങൾ ഊഹിക്കുകയും ചെയ്യുന്നു. അതെല്ലാം ശരിയാണു്. എന്നാൽ പ്രധാനപ്പെട്ട ഒരു സംഗതി നിങ്ങൾ മനസ്സിലാക്കണം. മൃഗങ്ങളെ മെരുക്കിയെടുക്കുന്നതു്, മാനവസംസ്കാരമേതിന്റേയും ഒരു പ്രധാന ഘട്ടമാകുന്നു. മൃഗങ്ങളുടെ പാലും മററും ആഹാരപദാൎത്ഥങ്ങളായി ഉപയോഗിക്കുന്നതിനു പുറമെ മൃഗങ്ങളേക്കൊണ്ടു പലതരം ജോലികൾ ചെയ്യിക്കുകയുമാണു്, മൃഗങ്ങളെ മെരുക്കിയെടുക്കുന്നതിന്റെ ഉദ്ദേശ്യം. മനുഷ്യൻ തന്റെ പ്രയത്നഭാരം മൃഗങ്ങളുടെ ചുമലിലേയ്ക്കു കൈമാറി, ആ മൃഗങ്ങളുടെ സഹായത്തോടുകൂടിയാണു് പുരോഗതിയിലേയ്ക്കുള്ള ആദ്യകാൽവെയ്പുകൾ നടത്തിയതു്. മോഹൻജൊദാരോയിലേയും മററും ജനങ്ങൾ തങ്ങളുടെ സംസ്കാരത്തിന്റെ ആദിമഘട്ടത്തിൽ ഇങ്ങനെ പലതരം മൃഗങ്ങളെ മെരുക്കിയെടുത്തു പ്രയോജനപ്പെടുത്തിത്തുടങ്ങിയ കാലം ഞാൻ ഇന്നും ഓൎക്കുന്നു.

എന്റെയും സഹോദരികളുടേയും തീരങ്ങളിൽ പാൎത്തിരുന്നവരുടെ ജീവിതോപായം ആദ്യമാദ്യം കൃഷികവൃത്തിയായിരുന്നുവെങ്കിലും, ക്രമേണ അവർ കച്ചവടത്തിലും വ്യവസായത്തിലുമെല്ലാം പ്രമുഖരായിത്തീൎന്നു. അവർ കൃഷിചെയ്തിരുന്ന ഗോതമ്പു്, ബാൎലി മുതലായ

ധാന്യങ്ങളേപ്പററി മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലോ. ആവക ധാന്യങ്ങൾ ശേഖരിച്ചുവെയ്ക്കാനുള്ള പൊതുകലവറകൾ നാട്ടിലുടനീളമുണ്ടായിരുന്നു; ആ കലവറകളുടെ അടുത്ത് ധാന്യങ്ങൾ പൊടിക്കാനുള്ള വമ്പിച്ച സജ്ജീകരണങ്ങളും കണ്ടിരുന്നു. ധാന്യവും ധാന്യപ്പൊടിയുമെല്ലാം ഭരണാധികാരികളുടെ നിയന്ത്രണത്തിൽ വിതരണം ചെയ്യുണമെന്നതായിരുന്നു അന്നത്തെ ഏർപ്പാട്. ഗവമ്മെണ്ടുനിലവാരത്തിലുള്ള ഈ നിയന്ത്രണം, ഇഷ്ടികവ്യവസായത്തിൻേറയും ആ വ്യവസായത്തിനാവശ്യമായിരുന്ന വിറകിൻേറയും കായ്യത്തിൽ പോലും നടപ്പിലിരുന്നതായി ഞാൻ ഓക്കുന്നുണ്ട്. ഇതെല്ലാം ഞാൻ ഇവിടെ പ്രത്യേകം പറയുന്നത്, ആ പുരാതനനഗരങ്ങളിലെ വ്യവസായങ്ങൾ പലതും സാമാന്യം വ്യവസ്ഥിതവും പരിഷ്കൃതവുമായ ഒരു രീതിയിലാണ് നടന്നിരുന്നതെന്ന് നിങ്ങളെ മനസ്സിലാക്കുവാനത്രെ.

ഞങ്ങളുടെ തീരങ്ങളിൽ ധാരാളമായി വളന്നിരുന്ന പരുത്തിച്ചെടികൾ ഒരു വമ്പിച്ച വ്യവസായത്തിന് കളമൊരുക്കിക്കൊടുത്തു. മോഹൻജോദാരോയിലേയും, ഹരപ്പയിലേയും ഒരു പ്രധാന വ്യവസായമായിരുന്നു തുണിനെയ്ത്ത്. അവിടത്തെ ജനങ്ങൾ നെയ്തെടുത്ത വിശേഷപ്പെട്ട തുണിത്തരങ്ങൾ വിദേശങ്ങളിലേയ്ക്കും ധാരാളം പൊയ്ക്കൊണ്ടിരുന്നു. മെസപ്പൊട്ടേമിയയിൽ പരുത്തിത്തുണിക്കു പറഞ്ഞിരുന്ന പേരുതന്നെ എൻേറതായിരുന്നു— 'സിന്ധു' എന്ന്. ഗ്രീക്കുകാർ പരുത്തിത്തുണിക്ക് സിൻഡോൺ എന്നു പേരിട്ടതും എൻെറ പേ

രിനെ അടിസ്ഥാനമാക്കിയായിരുന്നു. അന്നത്തെ തുണി ത്തരങ്ങളുടെ മിനുസം മനസ്സിലാക്കാൻ നിങ്ങളുടെ ഗവേ ഷകന്മാർക്ക് ചില നിസ്സാര തെളിവുകളേ കിട്ടിയിട്ടുള്ളൂ. ഭൂമിയുടെ അടിയിൽനിന്ന് കണ്ടെടുത്ത ഒരു വെള്ളി പ്പാത്രം പൊതിഞ്ഞിരുന്ന ചെമപ്പുനിറമുള്ള പരുത്തിത്തു ണിയുടെ പഴയ കഷണങ്ങൾ വെച്ചുകൊണ്ട്, ആ തുണി വളരെ വിശേഷപ്പെട്ട ഒരു തരം പരുത്തിനൂൽകൊണ്ട് വിചിത്രമായി നെയ്യെടുത്തതാണെന്നും മററും അവർ നൽകിയിട്ടുള്ള വിവരണം നിങ്ങൾ കേട്ടിരിക്കും. എ ന്നാൽ എൻെറ പേരിൽ വിദേശങ്ങളിൽ പുകൾപെററി രുന്ന പണ്ടത്തെ തുണിത്തരങ്ങളുടെ മേന്മയും മോടിയും എന്നേപ്പോലെയുണ്ടോ നിങ്ങളുടെ ഗവേഷകന്മാർ അറി യുന്നു?

എന്തിന്, തുണിത്തരങ്ങളേപ്പററി മാത്രം പറയു ന്നു? ആ പ്രാചീനനഗരങ്ങളിൽ നിർമ്മിക്കപ്പെട്ടിരുന്ന മ ൺപാത്രങ്ങൾ മുതലായ സാധനങ്ങളും വളരെ വിശേഷ പ്പെട്ടവയായിരുന്നു. വിവിധവർണ്ണങ്ങൾ കൊടുത്തു മോടി പിടിപ്പിച്ചവയും, കവടിയിട്ടു മിനുസപ്പെടുത്തിയവയുമാ യ അന്നത്തെ മൺപാത്രങ്ങളുടെ കാന്തി എൻെറ കൺ മുമ്പിൽ ഇന്നും മങ്ങാതെ നില്ക്കുന്നുണ്ട്. നിങ്ങളുടെ ഗവേ ഷകന്മാർ ആ പാത്രങ്ങളുടെ ചില പൊട്ടും പൊടിയും കണ്ടിട്ടുതന്നെ അത്ഭുതപ്പെട്ടുകാണും. അത്രയും കാന്തിയേ റിയ മൺപാത്രങ്ങൾ ആ കാലത്തിനു മുമ്പ് മറെറങ്ങും നിർമ്മിക്കപ്പെട്ടിരിക്കാനിടയില്ലെന്നുകൂടി അവർ അഭി പ്രായപ്പെട്ടിട്ടുണ്ട്. കളിമണ്ണുകൊണ്ടുതന്നെ വിചിത്രങ്ങ

ളായ പലതരം കളിക്കോപ്പുകൾ ആ പുരാതനനഗരങ്ങളിൽ നിമ്മിക്കപ്പെട്ടിട്ടുണ്ടു്. കുട്ടികൾ കൗതുകത്തോടെ കൊണ്ടുനടക്കുന്ന കിലുക്കട്ടങ്ങൾ, പക്ഷിയുടെ ആകൃതിയിലുള്ള ചൂളകൾ, മൃഗങ്ങളുടേയും മനുഷ്യരുടേയും കൊച്ചുകൊച്ചു പ്രതിമകൾ, ചക്രങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന പക്ഷികൾ, വണ്ടികളിൽ കെട്ടിയിട്ടുള്ള കാളകൾ—എന്നിങ്ങനെ അന്നത്തെ ശില്പകലാവിലാസം കാണിക്കുന്ന പല കളിപ്പാട്ടങ്ങളും നിങ്ങളുടെ ഗവേഷകന്മാരുടെ കൈവശം വന്നുചേന്നിട്ടുള്ളതുകൊണ്ടു് ഞാൻ അവയേപ്പററി കൂടുതലായൊന്നും പറയുന്നില്ല. എങ്കിലും ഒരു സംഗതി ഞാൻ പ്രത്യേകം ഓപ്പിച്ചുകൊള്ളട്ടെ: ചക്രം കണ്ടുപിടിച്ചതാണു് യന്ത്രവിദ്യയിലേയ്ക്കുള്ള ആദ്യത്തെ കാൽവെയ്പെന്നു് നിങ്ങൾക്കറിയാമല്ലൊ. മോഹൻജൊദാരോയിലേയും, ഹരപ്പയിലേയും കുട്ടികളുടെ കളിക്കോപ്പുകളിൽപ്പോലും ചക്രവും വണ്ടിയുമെല്ലാം കാണുന്ന സ്ഥിതിയ്ക്കു് അന്നത്തെ ജനങ്ങൾ യന്ത്രവിദ്യയിൽ പലതുകൊണ്ടും മുന്നോടികളായിക്കഴിഞ്ഞിരുന്നുവെന്നു് ഊഹിച്ചുകൊള്ളുക.

അവർ നിമ്മിച്ചിരുന്ന കത്തി, അരിവാൾ, ഈച്ചവാൾ, ഉളി, ക്ഷൗരക്കത്തി മുതലായ ഉപകരണങ്ങളും, കല്ലു കുത്തിക്കുഴിച്ചുണ്ടാക്കിയ ഭംഗിയുള്ള പാത്രങ്ങളും, ചെപ്പുകളുമെല്ലാം അവരുടെ കരകൗശലപാടവം വിളിച്ചറിയിക്കുന്നുണ്ടു്. ഇന്നു് അണ്വായുധങ്ങളുടെ ഭീഷണിയാൽ വിറപൂണ്ടിരിക്കുന്ന നിങ്ങൾ ചോദിക്കുമായിരിക്കും, അന്നു് ആയുധങ്ങൾ ഉണ്ടായിരുന്നുവോ എന്നു്. ഉ

വ്വ്, ചില ചില ചില്ലറ ആയുധങ്ങൾ അന്നും ഉണ്ടായിരുന്നു. അമ്പ്, വില്ല്, കുന്തം, വെണ്മഴു, കഠാരി, ഗദ—ഇതൊക്കെയായിരുന്നു അന്നത്തെ ആയുധങ്ങൾ; അവ ചെമ്പും പിത്തളയുംകൊണ്ടു് നിർമ്മിച്ചവയുമായിരുന്നു. ഒന്നു പറയാമല്ലൊ: അന്നത്തെ ആളുകൾ വേട്ടയ്ക്കോ കാട്ടുമൃഗങ്ങളിൽനിന്നുള്ള സ്വയംരക്ഷയ്ക്കോ മാത്രമാണു് ആയുധങ്ങൾ മുഖ്യമായി കരുതിയിരുന്നതു്. മനുഷ്യൻ മനുഷ്യനെ കൊല്ലുന്ന വ്യവസായം ഇന്നത്തേപ്പോലെ അന്നു് ബലപ്പെടാതിരുന്നതുകൊണ്ടു്, എൻെറ തീരങ്ങളിൽ അധിവസിച്ചിരുന്ന ആ പുരാതനന്മാർ ആയുധനിർമ്മാണത്തിനു് വളരെയൊന്നും മിനക്കെട്ടിരുന്നതുമില്ല.

അന്നത്തെ ജനങ്ങൾ എത്ര കണിശമായിട്ടാണു് സാധനങ്ങൾ തൂക്കുകയും അളക്കുകയും ചെയ്തിരുന്നതെന്നോ? ഏതാണ്ടു് ചതുരാകൃതിയിലും കോൺആകൃതിയിലുമുള്ള ചില കട്ടകൾ ഉപയോഗിച്ചാണു് അവർ തൂക്കം നിർണ്ണയിച്ചിരുന്നതു്. അളവും തൂക്കവും നിർണ്ണയിക്കുവാൻ അവർ 16 എന്ന അക്കമാണു് സാധാരണ അനുപാതമായി സ്വീകരിച്ചിരുന്നതെന്നു് ഞാൻ ഓർക്കുന്നു. പതിനാറിൻെറ അംശങ്ങളായി 1, 2, 4, 8-എന്നിങ്ങനെ കുറയ്ക്കാവുന്നതും, മേലോട്ടു് 32, 64, 160- എന്നിങ്ങനെ പെരുക്കാവുന്നതുമായ ഒരു സമ്പ്രദായമാണു് അവർ പ്രായേണ അനുവർത്തിച്ചുപോന്നിരുന്നതു്. പതിനാറിൻെറ ഈ പ്രാധാന്യത്തെപ്പററി കേൾക്കുമ്പോൾ, രൂപയ്ക്കു് പതിനാറണ എന്ന പ്രമാണം നിങ്ങളുടെ കൂട്ടർ അടുത്തകാലം വരെ പാലിച്ചിരുന്ന കഥയാവാം നിങ്ങ

ളുടെ ഓർമ്മയിൽ വരിക. ആ അനുപാതത്തിൻെറ ആ ഗമം എങ്ങനേയുമാവട്ടെ. മോഹൻജോദാരോയിലും, ഹരപ്പയിലും നടപ്പുണ്ടായിരുന്ന അളവിൻെറ കാര്യം കൂടി ഞാൻ ഇവിടെ ഒന്നു സൂചിപ്പിക്കാം. നിങ്ങളുടെ ഇഞ്ചും അടിയുമൊക്കെയില്ലേ, അമ്മാതിരി അളവുകൾ അന്നുമുണ്ടായിരുന്നു. പക്ഷേ ഒരു അടിക്ക് അന്ന് 13.2 ഇഞ്ച് ആയിരുന്നുവെന്നേയുള്ളു. ഈ 13.2 ഇഞ്ചിൻെറ അടിക്കണക്ക് പണ്ട് പടിഞ്ഞാറെ യൂറോപ്പിലും ചരിത്രാതീതയൂറോപ്പിലും നടപ്പുണ്ടായിരുന്നുവെന്ന് നിങ്ങളുടെ ചില ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ളതുകൊണ്ട് ഞാൻ പറഞ്ഞ കണക്കിൻെറ യാഥാർത്ഥ്യം നിങ്ങൾക്ക് ഒന്നുകൂടി ബോദ്ധ്യപ്പെടുമെന്നു വിശ്വസിക്കുന്നു.

ഏതാണ്ട് അയ്യായിരം കൊല്ലംമുമ്പ് എൻെറ തീരത്ത് നിലകൊണ്ടിരുന്ന പുരാതനനഗരങ്ങളേയും അവയുടെ സംസ്കാരത്തേയും കുറിച്ച് ഇനിയും എത്രയെത്ര കാര്യങ്ങൾ പറയാൻ കിടക്കുന്നു. ഒരു സംഗതി കൂടി പറഞ്ഞുകൊണ്ട് ഞാൻ ഈ ഘട്ടം അവസാനിപ്പിക്കാം. അന്നത്തെ ജനങ്ങളുടെ ലിപിസമ്പ്രദായത്തേപ്പററി അറിയാൻ ആധുനികരായ നിങ്ങൾക്ക് കൗതുകമുണ്ടായിരിക്കുമല്ലൊ. ഇന്ന് നിങ്ങൾ ഉപയോഗിക്കുന്ന അക്ഷരങ്ങൾക്കു പകരം അന്ന് ചില ചിത്രങ്ങൾകൊണ്ടാണ് ജനങ്ങൾ ആശയപ്രകാശനം ചെയ്തിരുന്നത്. അങ്ങനെ നാനൂറോളം ചിത്രങ്ങൾ അടങ്ങിയതായിരുന്നു അന്ന

ത്തെ അക്ഷരമാല. ആ അക്ഷരമുദ്രകൾ ചിലതൊക്കെ നിങ്ങളുടെ ഗവേഷകന്മാർ കണ്ടെടുത്തിട്ടുമുണ്ടു്.

## VI

ഞാൻ ഇനി എന്റെ ആത്മകഥയുടെ മററ ചില ഘട്ടങ്ങളിലേയ്ക്കു് കടക്കുകയാണു്. ശതാബ്ദങ്ങൾ പിന്നെയും പലതങ്ങനെ ഉരുണ്ടുരുണ്ടു പൊയ്ക്കൊണ്ടിരുന്നു. ഞാൻ ഇവിടെ വിവരിക്കാൻ പോകുന്ന സംഭവങ്ങൾ നടന്നതു്, നിങ്ങളുടെ കാലഗണനപ്രകാരം പറയുകയാണെങ്കിൽ, ബി. സി. 1500-ാമാണ്ടിനു മുമ്പാണു്. ഞാനും എന്റെ തീരപ്രദേശങ്ങളിൽ അധിവസിക്കുന്ന ജനങ്ങളും അന്നു് ശാന്തമായങ്ങനെ കഴിയുകയായിരുന്നു. അപ്പോൾ അതാ, ഉത്തരദിക്കിൽ പെട്ടെന്നൊരു ആപത്തിന്റെ ലക്ഷണം കാണായി. വടക്കുഭാഗത്തുള്ള കാബൂൾ കടന്നു് ഒരു കൂട്ടം ആളുകൾ എന്റെ തീരങ്ങളിലേയ്ക്കു വരികയായിരുന്നു. അമ്പും വില്ലും ധരിച്ചിട്ടുള്ള ആ ദീർഘകായന്മാർ എന്തിനും പോരുന്നവരാണെന്നു് ഒററ നോട്ടത്തിൽത്തന്നെ മനസ്സിലാക്കാം. എന്റെ തീരങ്ങളിലുള്ള നഗരങ്ങൾ കൊള്ളയടിക്കുകയായിരുന്നു അവരുടെ ഉദ്ദേശ്യം. യുദ്ധത്തിനു വന്നവരെ ഞാൻ ആദ്യമായിട്ടാണു് കാണുക. മനുഷ്യൻ മനുഷ്യനെ ഹനിക്കുകയോ? എനിയ്ക്കു് അതു വിശ്വസിക്കുവാൻ കഴിഞ്ഞില്ല.

ആരാണു് ഈ ആക്രമണകാരികളെന്നു് നിങ്ങൾക്കു മനസ്സിലായോ? അവരാണു് ആര്യന്മാർ. കാസ്പിയൻ

കടൽത്തീരത്തു് താമസിച്ചിരുന്ന ഒരു വർഗ്ഗക്കാരായിരുന്നു അവർ. പുതിയ വാസസ്ഥലങ്ങൾ അന്വേഷിച്ചു് അവരിൽ ഒരു ശാഖ യൂറോപ്പിലേയ്ക്കും, മറെറാരു ശാഖ മദ്ധ്യ ഏഷ്യയിലേയ്ക്കും പുറപ്പെട്ടു. മദ്ധ്യഏഷ്യയിലേയ്ക്കു പോന്നവർ കുറേക്കാലം ഇറാനിൽ താമസിച്ച ശേഷം, കൂടുതൽ വളക്കൂറുള്ള ഭൂമി അന്വേഷിച്ചു് എന്റെ തീരങ്ങളിലേയ്ക്കു വരുന്ന വരവാണു് ഞാൻ കണ്ടതു്.

ശാന്തസുന്ദരങ്ങളായിരുന്ന എന്റെ തീരപ്രദേശങ്ങൾ അനന്തരക്ഷണത്തിൽ രണാങ്കണങ്ങളായി മാറി. മനുഷ്യൻ മനുഷ്യന്റെ മാറുപിളന്നു് രക്തം ചീററിക്കുന്ന കാഴ്ച! ഹാ! ഇന്നും ആ സംഭവം ഓക്കുമ്പോൾ എന്റെ ഹൃത്തട്ടിൽ ഒരു വേലിയേററമുണ്ടാകുന്നു. മണ്ണിനുവേണ്ടി മനുഷ്യർ തമ്മിൽ ഇത്ര മാരകമായ ഒരു മത്സരം നടക്കുന്നതു് ഞാൻ അതിനുമുമ്പൊരിക്കലും കണ്ടിട്ടില്ല. ആര്യന്മാരുടെ പോർവിളികൾക്കിടയിൽ ഇന്ദ്രനോടും മററും അവർ ചെയ്യുന്ന പ്രാത്ഥനകളുടെ ശബ്ദവും മുഴങ്ങിക്കേട്ടു. പണ്ടേ എന്റെ തീരങ്ങളിൽ പാത്തിരുന്ന ജനങ്ങളും, ആക്രമണത്തിനെത്തിയ ആര്യന്മാരും തമ്മിൽ ഭയങ്കരമായ ഒരു സമരം നടന്നു. ദസ്യുക്കൾ എന്നു് ആര്യന്മാരാൽ പേർ വിളിക്കപ്പെട്ട ആ ആദിമനിവാസികൾ പെട്ടെന്നൊന്നും വഴങ്ങിക്കൊടുത്തില്ല. ശംബരൻ എന്ന ദസ്യുരാജാവിനു് നൂറു കോട്ടകൾ ഉണ്ടായിരുന്നുവെന്നു് ഋഗ്വേദത്തിൽ പറഞ്ഞിട്ടുള്ളതിൽ നിന്നുതന്നെ, ദസ്യുക്കളുടെ അന്നത്തെ ശക്തി നിങ്ങൾക്കു് ഏതാണ്ടു മനസ്സിലാകുവാൻ കഴിയും. ശംബരൻ അന്നു് എത്ര ധീരതയോ

ടെയാണ് ആര്യന്മാരെ എതിരിട്ടതെന്നു് ഞാൻ ഇന്നും ഓർക്കുന്നു. ദീർഘമായ ഒരു സമരത്തിനു ശേഷമേ ആര്യന്മാർക്ക് എൻെറ തീരങ്ങളിൽ കാലുറപ്പിക്കാൻ കഴിഞ്ഞുള്ളു.

ആര്യന്മാർ പിന്നെയും കിഴക്കോട്ടു നീങ്ങി എൻെറ ഇളയ സഹോദരികളുടെ നീരോട്ടം നടക്കുന്ന പഞ്ചാബിൽ പ്രവേശിച്ചു കാട്ടിക്കൂട്ടിയ വിക്രമങ്ങളും ഞാൻ സ്മരിക്കുന്നു. അവിടെ ദസ്യുക്കളിൽ നിന്നു് കൂടുതൽ രൂക്ഷമായ പ്രതിരോധമാണ് അവർ അഭിമുഖീകരിക്കേണ്ടിവന്നതു്. "ദസ്യുഗോത്രക്കാരാൽ ഞങ്ങൾ എല്ലാവശത്തുനിന്നും വളയപ്പെട്ടിരിക്കുന്നു. അല്ലയോ, ശത്രുഘ്നനായ ദേവാ, നീ അവരെ വധിക്കുകയും അവരുടെ വംശത്തെത്തന്നെ നശിപ്പിക്കുകയും ചെയ്യുക" എന്നു് ആര്യന്മാർ ഇന്ദ്രഭഗവാനോടു ചെയ്ത ഉല്ക്കണ്ഠാകുലമായ പ്രാർത്ഥനയുടെ പ്രതിദ്ധ്വനി ഇന്നും എൻെറ സഹോദരികളുടെ തീരപ്രദേശങ്ങളിൽ തങ്ങിനില്ക്കുന്നുണ്ടാവണം. ആര്യന്മാരുടെ ആക്രമണം യമുനയുടേയും ഗംഗയുടേയും തീരങ്ങളിലേയ്ക്കും ക്രമേണ തള്ളിപ്പരന്നു. പക്ഷേ ആ ഘട്ടത്തിൽ അവരുടെയിടയിൽ ത്തന്നെ ഒരു കിടമത്സരവും കലഹവും പൊട്ടിപ്പുറപ്പെടുകയായി. അന്യരുടെ ഭൂമി വെട്ടിപ്പിടിച്ചവർ തന്നെ ഒടുവിൽ പരസ്പരം വെട്ടും കുത്തും നടത്താനിടവന്നതു് ശ്രദ്ധാർഹമത്രെ. ആര്യന്മാർ തമ്മിൽത്തമ്മിലുണ്ടായ ഈ കലഹത്തിൻെറ കാരണം എന്തായിരുന്നെന്നോ?

പഞ്ചാബിൽ താവളമുറപ്പിച്ച ഒരു വിഭാഗം ആര്യന്മാർ യമുനയ്ക്കും ഗംഗയ്ക്കും ഇടയ്ക്കുള്ള പ്രദേശത്തേയ്ക്കു്

കടന്നുചെല്ലാതിരിക്കാൻ, ഭരതർ എന്ന വേറൊരു ആര്യവിഭാഗം ശക്തിയായ പ്രതിരോധം ഏർപ്പെടുത്തി. അതിൽവെച്ചു് ഇപ്പറഞ്ഞ ആര്യവിഭാഗങ്ങൾ രണ്ടും തമ്മിൽ ഉഗ്രമായൊരു സമരം നടന്നു. നിങ്ങളുടെ ചരിത്രത്തിൽ 'ദാസരാജ്ഞ' എന്ന പേരിൽ പ്രഖ്യാതമായ ആ സമരത്തിൽ ആര്യന്മാരുടെ ശത്രുക്കളായ ദസ്യുക്കളും കക്ഷിപിടിച്ചു് പങ്കെടുത്തുവെന്ന ഒരു വിശേഷംകൂടി അതിനിടയിൽ ഉണ്ടായി. ഭരതർ എന്ന പേരിൽ അറിയപ്പെടുന്ന ആര്യന്മാരുടെ ചേരിയിലാണു് ദസ്യുക്കൾ ചേന്നതു്. ഏതായാലും ആര്യന്മാരുടെ 'പാളയത്തിൽ പട'യ്ക്കും, പരന്മാരുടെ നേർക്കുള്ള അവരുടെ ആക്രമണത്തിനും ക്രമേണ അറുതിവരുത്തുവാൻ ഈ കക്ഷിപിടുത്തം ഉപകരിച്ചു. ഇങ്ങനെ ആര്യന്മാരും ദസ്യുക്കളും തമ്മിൽ യുദ്ധം മൂലം സമാരംഭിച്ച സഹകരണം അവർ തമ്മിൽ സാമൂഹ്യമായ ഒരു സൗഹാർദ്ദത്തിനു വഴിതുറക്കുകയും, കാലക്രമത്തിൽ ഇരുകൂട്ടരുടേയും സംസ്കാരം ഇടകലന്നു് ഒരു പുതിയ സംസ്കാരം ഉടലെടുക്കുകയും ചെയ്തു. ആക്രമിച്ചവരും ആക്രമിക്കപ്പെട്ടവരും തമ്മിലുണ്ടായ ഈ വേഴ്ചയും ചാർച്ചയും അവരെ ഭേദബുദ്ധികൂടാതെ പോററിപ്പോന്ന ഈയുള്ളവളെ എത്രമാത്രം സന്തോഷിപ്പിച്ചുവെന്നു് പറയേണ്ടല്ലോ.

എന്നാൽ മനുഷ്യരുടെ സമരവും ചോരക്കളിയും കാണ്മാനുള്ള എൻെറ ദുർയ്യോഗം അവിടംകൊണ്ടൊന്നും അവസാനിച്ചില്ല. നൂററാണ്ടുകൾ പിന്നെയും പലതു കഴിഞ്ഞു. ബി. സി. 6-ാം ശതാബ്ദമായി. മഹാവീരൻെറ

യും, ശ്രീബുദ്ധൻേറയും ശാന്തിസന്ദേശങ്ങൾ ഇന്ത്യയിലു ടനീളം അലയടിച്ചിരുന്ന കാലം. ആ ഘട്ടത്തിലാണു് പേഷ്യൻ ചക്രവത്തിയായ സൈറസ് എൻേറ തീരപ്ര ദേശങ്ങളെ ആക്രമിച്ചതു്. അദ്ദേഹം തുടങ്ങിവെച്ച ആ പടനീക്കം അദ്ദേഹത്തിൻേറ പിൻഗാമികൾ മുറയ്ക്കു തുടരുകയായി. അവരിൽ പ്രമുഖനായ ഡേരിയസ് എ ൻേറ തീരദേശങ്ങൾ ഒട്ടു മുഴുവനുംതന്നെ കീഴടക്കുക യും, അവയെ തൻേറ സാമ്രാജ്യത്തിൻേറ ഇരുപതാമ ത്തെ സംസ്ഥാനമാക്കുകയും ചെയ്തു. അദ്ദേഹത്തിനു് എ ൻേറ പരിസരപ്രദേശങ്ങളിൽനിന്നു് എത്ര വലിയൊരു വരുമാനമാണുണ്ടായിരുന്നതെന്നറിയാമോ? ആണ്ടുതോ റും 360 താലന്തു് സ്വണ്ണം! പത്തുലക്ഷം പവൻ! ഇതിൽ നിന്നു് എൻേറ ചുററിലുമുള്ള സ്ഥലങ്ങളുടെ അന്നത്തെ സാമ്പത്തികശക്തിയുടെ സ്വഭാവം ഒരിക്കൽക്കൂടി നി ങ്ങൾ ഗ്രഹിച്ചുകൊള്ളുക. ഡേരിയസിൻേറ പിൻഗാമി യായ സെർക്സെസിൻേറ കാലത്തു് പേഷ്യാക്കാരും ഗ്രീക്കു കാരുംതമ്മിൽ തെർമോപ്പിലെ എന്ന ദിക്കിൽവെച്ചു നട ന്ന യുദ്ധത്തിൽ എൻേറ തീരപ്രദേശവാസികളും പങ്കെടു ക്കാനിടയായി. വിദേശങ്ങളിൽച്ചെന്നു് ഇങ്ങനെ ഇന്ത്യാ ക്കാർ ആദ്യമായി പടവെട്ടിയതു് നിങ്ങളുടെ ചില ചരി ത്രകാരന്മാർ അഭിമാനകരമായിക്കരുതാറുണ്ടെങ്കിലും, എ നിയ്ക്കു് അക്കാര്യത്തിൽ അന്നേ വെറുപ്പാണു് തോന്നി യിരുന്നതു്. അന്യനാട്ടുകാരുടെ കാര്യങ്ങളിൽ തലയിടാ നും, അവരുടെ കൂലിപ്പട്ടാളക്കാരായി നടക്കാനും ഇന്ത്യാ ക്കാർ എന്തിനു് ഒരുമ്പെട്ടുന്നു എന്നു ചോദിക്കുന്നതു്

ക്ഷമിക്കണം.

എൻെറ തീരപ്രദേശങ്ങൾ കൈയടക്കിയ പേർഷ്യൻസാമ്രാജ്യത്തെത്തന്നെ കീഴടക്കാൻ മറെറാരു മഹാരഥൻ പുറപ്പെട്ടു. അലക്സാണ്ടറായിരുന്നു ആ പോരാളി. അദ്ദേഹം പേർഷ്യൻസാമ്രാജ്യം തകർത്ത ശേഷം ഹിന്ദുകുഷ്പർവ്വതനിരകൾ കടന്നു് ബി. സി. 327-ൽ എൻെറ പരിസരങ്ങളേയും ആക്രമിച്ചു. അലക്സാണ്ടർ എൻേറയും എൻെറ സഹോദരികളുടേയും തീരപ്രദേശങ്ങളിൽ നടത്തിയ പടയോട്ടങ്ങൾ ഞാൻ ഇന്നും ഓർക്കുന്നു. ഇവിടത്തെ ചില രാജ്യങ്ങൾ തമ്മിൽ അന്നുണ്ടായിരുന്ന പകയും അനൈകമത്യവും നയശാലിയായ അലക്സാണ്ടർ നല്ലവണ്ണം ഉപയോഗപ്പെടുത്തിയെന്നു് ഞാൻ എടുത്തു പറയട്ടെ. ഉദാഹരണത്തിനു്, തക്ഷശിലയെ തലസ്ഥാനമാക്കിക്കൊണ്ടു് അന്നു ഭരണം നടത്തിയിരുന്ന ആംഫിസ് എന്ന രാജാവിൻെറ പ്രേരണയോടും പിൻതുണയോടുംകൂടിയാണു് അലക്സാണ്ടർ പൗരവരാജ്യത്തേയും അതിൻെറ അധിപനായ പുരുഷോത്തമനേയും കടന്നാക്രമിച്ചതു്. ഇന്ത്യാക്കാർതന്നെ ഇന്ത്യാക്കാരെ വിദേശികൾക്കു ഒററിക്കൊടുക്കുന്ന ദുർന്നയത്തിൻെറ ഒരു തികഞ്ഞ ദൃഷ്ടാന്തമായിരുന്നു ആ സംഭവം. ലജ്ജാഭാരത്തോടുകൂടിയല്ലാതെ എനിയ്ക്കിന്നും അതു് ഓർമ്മിക്കുവാൻ വയ്യ. എന്നാൽ പുരുഷോത്തമൻ അന്നു് അലക്സാണ്ടറിനേയും അദ്ദേഹത്തിൻെറ മഹാസേനയേയും നേരിടുവാൻ കാണിച്ച ധീരതയിലും ദേശാഭിമാനത്തിലും ഞാൻ ഇപ്പോഴും അഭിമാനംകൊള്ളുകതന്നെ ചെയ്യുന്നു. എൻെറ സ

ഹോദരിയായ ഝലംനദിയുടെ തീരത്തുവെച്ചു് പുരുഷോത്തമൻെറ വമ്പിച്ച സേനകളെ എതിരിടേണ്ടിവന്നപ്പോഠം അലക്സാണ്ടറിനുണ്ടായ അമ്പരപ്പു് നേരിട്ടു കണ്ടവരാണു് ഞങ്ങഠം. അലക്സാണ്ടറും അദ്ദേഹത്തിൻെറ സേനകളും ഞങ്ങളുടെ തീരപ്രദേശങ്ങഠം കീഴടക്കിയതിൽ ഞങ്ങഠംക്കു അമർഷം തോന്നിയെങ്കിലും, അവർ മുഖേന ഇവിടെ യവന-ഭാരതസംസ്കാരങ്ങളുടെ ഒരു കൈമാററം നടന്നതിൽ ഈയുള്ളവക്കു് സന്തോഷമേയുള്ളു.

യവനന്മാരുടെ ആധിപത്യം ഞങ്ങളുടെ മണ്ണിൽ അധികം നീണ്ടുനിന്നില്ല. ആ പാരതന്ത്ര്യമെല്ലാം നീങ്ങുകയും ചന്ദ്രഗുപ്തമൗര്യൻ, അശോകൻ, കനിഷ്കൻ മുതലായവരുടെ വിജയപൂൎണ്ണമായ ഭരണം നടക്കുകയും ചെയ്ത ശോഭനമായ കാലഘട്ടം ഞാൻ അഭിമാനത്തോടുകൂടി ഇവിടെ അനുസ്മരിച്ചുകൊള്ളട്ടെ. എന്നാൽ എ. ഡി. ഒമ്പതാം നൂററാണ്ടായപ്പോഴെയ്ക്കു് എൻെറ തീരപ്രദേശങ്ങളിൽ പിന്നെയും വിദേശികളുടെ പടനീക്കങ്ങഠം കണ്ടുതുടങ്ങി. അറേബിയയിൽ നിന്നായിരുന്നു അത്തവണ ആക്രമണകാരികളുടെ പുറപ്പാടു്. ആ കൂട്ടത്തിൽ മുഹമ്മദ് ഇബിൻ കാസ്സിമിൻെറ ആക്രമണമാണു് എൻെറ ഓർമ്മയിൽ ആദ്യമായി വരുന്നതു്. ആ മനുഷ്യൻ എൻെറ തീരപ്രദേശങ്ങളൊട്ടുമുഴുവനുംതന്നെ വലിയ എതിർപ്പൊന്നും കൂടാതെ കീഴടക്കി. നീണ്ടുനിൽക്കാൻ പോകുന്ന ഒരു ആപത്തിൻെറ നാന്ദിയായി, ഞാൻ ആ സംഭവത്തെ അന്നേ എണ്ണുകയായിരുന്നു. ഒരു നൂററാണ്ടു കൂടിയങ്ങു് കടന്നുകഴിഞ്ഞപ്പോഠം, മഹമ്മദ് ഗസ്നിയു

ടെ ആക്രമണമായി. എൻെറ തീരപ്രദേശങ്ങളെ കൊള്ളയടിക്കുകയായിരുന്നു അയാളുടെ ഉദ്ദേശ്യം. പെഷ്വാറിനു സമീപത്തുവെച്ച് ജയപാലൻ എന്ന രാജാവിൻെറ സൈന്യത്തെ തോല്പിച്ച് എൻെറ തീരങ്ങളിലേയ്ക്കു കുതിച്ചെത്തിയ മഹമ്മദ് ഗസ്നിയുടെ ചിത്രവും, ശത്രുവിനു് കീഴ്പ്പെടാതിരിക്കാൻവേണ്ടി ചിതയിൽ ചാടി ആത്മാഭിമാനം രക്ഷിച്ച ജയപാലൻെറ ചിത്രവും എൻെറ കൺമുമ്പിൽ ഇന്നും മങ്ങാതെ നില്ക്കുന്നു. എൻെറ തീരപ്രദേശങ്ങളിൽ സ്ഥിതിചെയ്തിരുന്ന പുണ്യക്ഷേത്രങ്ങളിലെ കൈമുതലുകളെല്ലാം അന്നു് അപഹരിക്കപ്പെട്ടു. ഗസ്നിയെ പിൻതുടൎന്ന മഹമ്മദ്ഗോറിയും എൻെറ തീരങ്ങളിൽ ശക്തിയായ ആക്രമണങ്ങൾ നടത്തി. ആ കഥയെല്ലാം ഇന്നലെ കഴിഞ്ഞപോലെ ഞാൻ ഇപ്പോഴും ഓൎക്കുന്നു.

പിന്നീടു്, ഇന്ത്യയെ ഒട്ടാകെ കീഴടക്കിയ ഒരു വിദേശാധിപത്യത്തിൻെറ വരവായി. നെടുനാൾ നീണ്ടുനിന്ന ആ ബ്രിട്ടീഷാധിപത്യത്തിൽനിന്നു് ഇന്ത്യ ഒടുവിൽ സ്വതന്ത്രയായതിൽ, ആ രാജ്യത്തിൻെറ നാമഹേതുകയായ ഈ സിന്ധുവിനുള്ള സന്തോഷം എത്രയാണെന്നോ? എന്നാൽ എൻെറ നീരോട്ടം നടക്കുന്ന വഴിക്കുള്ള നാടു് രണ്ടായി വിഭജിയ്ക്കപ്പെട്ടുപോയതിൽ ഈയുള്ളവൾക്കു് അനല്പമായ കുണ്ഠിതമുണ്ടുതാനും. നിങ്ങൾ അങ്ങനെ ഒരു വിഭജനം നടത്തിയെങ്കിലും, പാക്കിസ്ഥാൻെറയും ഇന്ത്യയുടേയും മണ്ണു് എനിയ്ക്കു് ഒന്നുപോലെതന്നെയാണു്. ഒരേ ഞെട്ടിലെ രണ്ടു കായ്കളെന്നോണം വൎത്തി

ക്കേണ്ടുന്ന ആ രണ്ടു ഭൂവിഭാഗങ്ങൾക്കും ഞാൻ എന്റെ ശീതളജലം പകൎന്നുകൊടുത്തുകൊണ്ടു് എന്നും ഏതു കാൎയ്യത്തിലും ഒരുമയും നന്മയും നേരുകയാണു് ചെയ്യുന്നതു്.

## VII

തക്ഷശിലയേയും അവിടെയുണ്ടായിരുന്ന വിശ്രുതമായ വിദ്യാപീഠത്തേയും കുറിച്ചു് നിങ്ങൾ കേട്ടിരിക്കും. ഗാന്ധാരത്തെ രണ്ടായി പകുത്തുകൊണ്ടൊഴുകുന്ന എന്റെ ഒരു തീരത്തു്, ഇന്നത്തെ റാവൽപ്പിണ്ടിയിൽനിന്നു് ഏതാണ്ടു് ഇരുപതു മൈൽ വടക്കുപടിഞ്ഞാറായിട്ടായിരുന്നു തക്ഷശില. ഏഷ്യയുടെ ഇതരഭാഗങ്ങളിലേയ്ക്കുള്ള വഴിത്താരയിൽ നിലകൊണ്ടിരുന്ന ആ നഗരം സൈനികവും വൈജ്ഞാനികവുമായി വളരെ പ്രാധാന്യമുള്ള ഒന്നായിരുന്നു. ഒരു വിദ്യാപീഠം എന്ന നിലയിൽ തക്ഷശില ഇന്ത്യയിലും പുറത്തും വലിയ പ്രസിദ്ധിയാൎജ്ജിച്ചിരുന്നുവെന്ന വസ്തുത എനിയ്ക്കു നേരിട്ടറിവുള്ളതാണു്. അവിടെ നടന്നിരുന്ന ശിക്ഷണങ്ങളേക്കുറിച്ചു പ്രത്യേകമായി എന്തെങ്കിലും പറയുംമുമ്പു്, അന്നത്തെ വിദ്യാഭ്യാസരീതിയേപ്പററി ചില സാമാന്യവിവരങ്ങൾ ഇവിടെ സൂചിപ്പിച്ചുകൊള്ളട്ടെ.

അന്നു് നിങ്ങളുടെ കുട്ടികൾ അഞ്ചു വയസ്സിലാണു് വിദ്യാരംഭം നടത്തിയിരുന്നതെന്നു് ഞാൻ ഓൎക്കുന്നു. ഗ്രാമപ്പള്ളിക്കൂടങ്ങളിലായിരുന്നു അവരുടെ പ്രാരംഭപഠനം. ഒരു കുട്ടിക്കു് എട്ടു വയസ്സാകുമ്പോൾ, ഗ്രാമപ്പള്ളി

ക്കൂടത്തിലെ പഠനം കഴിയും. വേദങ്ങൾ ഉരുവിട്ടുകൊണ്ടു് അന്നത്തെ വിദ്യാർത്ഥികൾ നടത്തിയിരുന്ന പാഠോച്ചാരണത്തിൻെറ പ്രതിദ്ധ്വനി എൻെറ തീരങ്ങളിൽ നിത്യേന മുഴങ്ങിയിരുന്നു. ഏതു നിലയിലും, ആദ്ധ്യാത്മ പ്രധാനമായിരുന്നു ആ കുട്ടികളുടെ അദ്ധ്യയനം. ബുദ്ധി വികാസത്തേക്കാൾ സ്വഭാവശുദ്ധിയെ ഉന്നിയിരുന്ന അന്നത്തെ വിദ്യാഭ്യാസരീതി ഇന്നത്തേതിൽനിന്നു് എത്രമാത്രം വ്യത്യസ്തമായിരുന്നുവെന്നു് ഞാൻ പറയാതെതന്നെ നിങ്ങൾക്കറിയാം.

എട്ടു വയസ്സു പ്രായത്തിൽ ഒരു കുട്ടി ഗ്രാമപ്പള്ളിക്കൂടം വിട്ടു് ഒരു ഗുരുവിൻെറ കീഴിൽ സ്ഥിരമായി അദ്ധ്യയനം തുടരുകയായിരുന്നു അന്നത്തെ പതിവു്. ഗുരുവിൻെറ കൂടെത്താമസിച്ചും ഗുരുപാദങ്ങളെ സേവിച്ചും കൊണ്ടായിരുന്നു ആ പഠനം; 'ഗുരുകുലവാസം' എന്ന പേരിൽ നിങ്ങൾ ഇപ്പോൾ പുകഴ്ത്താറുള്ള വിദ്യാഭ്യാസരീതിയായിരുന്നു അതു്: അന്നത്തെ പ്രധാന പഠനവിഷയങ്ങൾ അഞ്ചായിരുന്നു: (1) വ്യാകരണം, (2) കലകളും കൈത്തൊഴിലുകളും (3) വൈദ്യം (4) തക്ശാസ്ത്രം (5) തത്വശാസ്ത്രം. അദ്ധ്യയനത്തിൻെറ നാലിലൊരു ഭാഗം ഗുരുമുഖത്തുനിന്നു ഗ്രഹിക്കുക; നാലിലൊന്നു് വിദ്യാർത്ഥികൾ സ്വയം പഠിക്കുക; പിന്നെ നാലിലൊരംശം സഹപാഠികളിൽ നിന്നു മനസ്സിലാക്കുക; ശേഷിച്ച കാൽഭാഗം ജീവിതത്തിൽനിന്നു പഠിക്കുക— ഇതായിരുന്നു അന്നത്തെ പഠനക്രമമെന്നും ഞാൻ കേട്ടിട്ടുണ്ടു്. അടക്കവും ഒതുക്കവും ശുചിത്വവും അന്നത്തെ വിദ്യാ

ത്ഥികളുടെ മുഖ്യലക്ഷണങ്ങളായിരുന്നു. മാംസഭക്ഷണം വജ്ജിക്കുകയെന്നതു് അവർ ചെയ്യേണ്ടിയിരുന്ന പ്രതിജ്ഞകളിൽ ഒന്നായിരുന്നുതാനും.

ഇനി, തക്ഷശിലയിലെ വിദ്യാപീഠത്തേപ്പററി ചില പ്രത്യേക വിവരങ്ങൾ പറയാം. ഇന്ത്യയുടെ വിവിധഭാഗങ്ങളിൽ നിന്നും മററു പല വിദേശങ്ങളിൽ നിന്നും എത്രയെത്ര വിദ്യാത്ഥികളാണെന്നോ, അന്നു് തക്ഷശിലയിലെത്തിക്കൊണ്ടിരുന്നതു്? അതൊരു വിശാലമഹാസവ്വകലാശാലതന്നെയായിരുന്നു. സൈനികപാഠശാല, ആയുവ്വേദപാഠശാല, സംഗീതപാഠശാല എന്നിങ്ങനെ പല ശാഖകൾ ഉൾക്കൊണ്ടതായിരുന്നു ആ വിദ്യാപീഠം. ആയിരം സ്വണ്ണനാണയമായിരുന്നു അവിടെ ഒരു വിദ്യാത്ഥിയുടെ വാഷികഫീസ്. അതു് മുൻകൂറു കൊടുക്കണമെന്നുമായിരുന്നു ചട്ടം. എന്നാൽ നിദ്ധനരായ വിദ്യാത്ഥികൾ എന്തെങ്കിലും ജോലി ചെയ്തുകൊടുത്താൽ ഫീസിളവു കിട്ടുമായിരുന്നു. നൂറുകണക്കിനു വിദ്യാത്ഥികൾ എന്റെ തീരപ്രദേശങ്ങളിൽ ചുററിനടന്നു് വിറകൊടിച്ചു കൊടുത്തു്, വിദ്യാലയാധികൃതന്മാരിൽനിന്നു് ഫീസിളവു വാങ്ങിയിരുന്ന കഥ ഞാൻ ഇന്നും ഓക്കുന്നുണ്ടു്. ആ വിദ്യാത്ഥികളുടെ പഠനം എപ്പോഴായിരുന്നുവെന്നോ? രാത്രികാലത്തു്. പകൽ മുഴുവനും പണിയെടുക്കുക, രാത്രി പഠിക്കുക—അമ്പോ, അവരുടെ വിജ്ഞാനതൃഷ്ണയ്ക്കു മുമ്പിൽ ഇന്നുള്ളവർ കുമ്പിടുകതന്നെവേണം.

ഒരു വിജ്ഞാനകേന്ദ്രമായിരുന്ന തക്ഷശിലയുടെ

പ്രശസ്തിയെപ്പററി പറയുന്ന എനിയ്ക്കു്, ആ രാജ്യത്തി ൻെറ ചില കളങ്കങ്ങളെക്കുറിച്ചും ഓമ്മയുണ്ടു്. തക്ഷശി ലയിലെ ഒരു രാജാവായിരുന്ന ആംഫിസ് പണ്ടു് അല ക്സാണ്ടറിനു അരുനിന്നു് ഒരു അയൽരാജ്യത്തെ ആക്രമി പ്പിച്ച കഥ ഞാൻ മുമ്പു സൂചിപ്പിച്ചിട്ടുള്ളതാണല്ലോ. മ റെറാരു ശോകസംഭവംകൂടി ഇപ്പോൾ എൻെറ ഓമ്മ യിൽ വരുന്നു. അശോകചക്രവത്തിയുടെ പുത്രനായ കു നാലൻ എന്ന ദേഹം തക്ഷശിലയിൽ അധികാരം വ ഹിച്ചിരുന്ന കാലം. അശോകൻെറ രണ്ടാം പട്ടമഹിഷി യായ തിഷ്യരക്ഷിത, പിതൃഭക്തനും സദാചാരനിഷ്ഠനു മായ കുനാലൻെറ കണ്ണുകൾ രണ്ടും കുത്തിപ്പൊട്ടിപ്പിച്ച കഥ ഞാൻ എങ്ങനെയാണു് വിവരിക്കുക? അശോക ൻെറ സ്ഥാനമുദ്ര പതിച്ച ഒരു കള്ളകല്പനയുണ്ടാക്കി, അ തിൻെറ ബലത്തിന്മേലാണു് ദുഷ്ടയായ രാജ്ഞി കുനാല ൻെറ കണ്ണുകൾ കുത്തിപ്പൊട്ടിപ്പിച്ചതെന്ന രഹസ്യം എ നിയ്ക്കറിയാം. വാദ്ധക്യത്തിലേയ്ക്കു് കാലൂന്നിയിരുന്ന അ ശോകൻെറ മരണത്തെ ത്വരിപ്പിച്ച ഒരു ദുരന്തസംഭവമാ യിരുന്നു തിഷ്യരക്ഷിതയുടെ ആ കടുംകൈ.

കുരുടനായിത്തീന്ന കുനാലൻ തക്ഷശിലയിൽനി ന്നിറങ്ങി, കൈയിൽ ഒരു വീണയുമായി ധമ്മഗീത ങ്ങൾ പാടി ഊരുചുററി നടന്നതിനിടയ്ക്കു് അശോക ൻെറ സന്നിധിയിലും ചെന്നെത്തുവാനിടവന്നു. അച്ഛനും മകനും തമ്മിൽ നടന്ന ആ കൂടിക്കാഴ്ചയിൽ നിന്നുളവാ യ ഉല്ക്കടദുഃഖം നിങ്ങൾ ഊഹിച്ചുകൊള്ളുക. കഷ്ടം! ഒരു സ്ത്രീയുടെ ദുഷ്കൃത്യം മൂലം വന്നുചേന്ന വിനയേപ്പററി

ഞാൻ എന്തിനധികം പറയുന്നു? വിജ്ഞാനവും സംസ്കാരവും വെട്ടിത്തിളങ്ങിനിന്നിരുന്ന തക്ഷശിലയുടെ അന്തരീക്ഷത്തിൽ പാപത്തിൻെറ കരിനിഴൽ പരത്തിയ ആ സംഭവം മറന്നേക്കുക. ചന്ദ്രഗുപ്തൻെറയും മററും കാലത്തു് ഉത്തരേന്ത്യയിൽ ശോഭിച്ചിരുന്ന രണ്ടായിരത്തോളം നഗരങ്ങളിൽ ഒരു പ്രമുഖസ്ഥാനം അർഹിച്ചിരുന്ന തക്ഷശിലയ്ക്കുണ്ടായിരുന്ന പ്രശസ്തിയും മേന്മയും മാത്രം എൻെറയും നിങ്ങളുടേയും ഓർമ്മയിലുണ്ടായിരിക്കട്ടെ.

ഇനി, എൻെറ സഹോദരികളായ സററ്ലജിൻേറയും റാവിയുടേയും ഇടയ്ക്കായി സ്ഥിതിചെയ്യുന്ന അമൃതസരസ്സിനേപ്പററി അല്പം വിശേഷങ്ങൾ പറയാം. അമൃതസരസ്സ് എന്ന പേർ തന്നെ എത്ര സുന്ദരം,—അമൃതിൻെറ തടാകം എന്നാണു് ആ പേരിനർത്ഥം. ഇപ്പോൾ ഇന്ത്യൻ-പാക്കിസ്ഥാൻ അതിർത്തിയുടെ കാവൽസ്ഥാനത്തുനിന്നു് പതിനാറു മൈൽ വടക്കുപടിഞ്ഞാറായി നിലകൊള്ളുന്ന ഈ മനോഹരനഗരം, സിക്കുകാരുടെ സുവർണ്ണക്ഷേത്രംകൊണ്ടും മററും പ്രസിദ്ധമാണല്ലോ. പതിനാറാം നൂററാണ്ടിൻെറ അവസാനത്തിലും പതിനേഴാം നൂററാണ്ടിൻെറ ആരംഭത്തിലുമായിട്ടാണു്, അമൃതസരസ്സ് അതിൻെറ ഇപ്പോഴത്തെ രൂപം പ്രാപിച്ചുതുടങ്ങിയതു്. ഗുരുനാനാക് സ്ഥാപിച്ച സിക്കുമതത്തിനും അതിൻെറ അനുയായികൾക്കുമായി ഒരു തീർത്ഥകേന്ദ്രവും ക്ഷേത്രവുമൊക്കെ നിർമ്മിക്കണമെന്നു്, അദ്ദേഹത്തിൻെറ അനന്തരഗാമിയും സിക്കുകാരുടെ നാലാമത്തെ ആചാര്യനുമായ ഗുരു രാമദാസ് ആഗ്രഹിച്ചു. ക്ഷേത്രം പണി

കഴിപ്പിക്കാൻ നിശ്ചയിച്ച സ്ഥാനത്തിനു ചുററിലുമാ യി അദ്ദേഹം ഒരു വലിയ തടാകം കുഴിപ്പിക്കുകയാ ണു് ആദ്യം ചെയ്തതു്. അമൃതിനു സദൃശമായ കുളിർജ ലം നിറഞ്ഞ ആ തടാകത്തിൻെറ പരിസരങ്ങളിൽ ഗുരു രാമദാസും അനുയായികളും ജപതപാദികൾ നടത്തി പ്പോന്നതും, ആ തടാകത്തെ ചുററി ഒരു പട്ടണം മുറയ്ക്കു് ഉടലെടുത്തുതുടങ്ങിയതുമെല്ലാം ഞങ്ങൾ നല്ലവണ്ണം ഓക്കു ന്നുണ്ടു്.

രാമദാസിൻെറ പുത്രനായ ഗുരു അർജ്ജുനൻ ആ പ്രദേശം കൂടുതൽ മോടിപിടിപ്പിക്കുകയും, തടാകത്തി ൻെറ നടുവിലായി ക്ഷേത്രത്തിൻെറ പണി ആരംഭിക്കുക യും ചെയ്തു. ആ സിക്കുമതാചാര്യൻെറ വത്സലഭക്തനാ യിരുന്ന ഒരു മുസൽമാനാണു് ക്ഷേത്രത്തിൻെറ ശിലാ സ്ഥാപനം നടത്തിയതെന്നാണു് എൻെറ അറിവു്; ലാ ഹോർദേശക്കാരനായ ഹസ്രത്തു് ഷേയ്ക്കുചിയാൻ മിർ ആയിരുന്നു ആ മുസ്ലിംഭക്തൻ. ക്ഷേത്രനിർമ്മാണം കഴി ഞ്ഞപ്പോൾ, അവിടെ സിക്കുമതഗ്രന്ഥപാരായണം പ തിവായി നടത്താൻ ഗുരു അർജ്ജുനൻ ഏർപ്പാടുചെയ്തു. സംഗീതമാധുരി ചൊരിയുന്ന മതസങ്കീർത്തനങ്ങൾ ദിവ സേന പതിനെട്ടു മണിക്കൂർനേരം ആ ക്ഷേത്രത്തിൽ മുഴ ങ്ങിത്തുടങ്ങി. തടാകത്തിൽ ഇളംകാററു തട്ടിയിളകുന്ന കല്ലോലങ്ങളുടെ താളത്തോടൊന്നിച്ചു് ആ സങ്കീർത്തന ങ്ങൾ ഇന്നും മുഴങ്ങിക്കൊണ്ടിരിക്കുന്നതു് നിങ്ങൾക്കു കേൾ ക്കാം.

മതാത്മകമായി മാത്രമല്ല, വാണിജ്യപരമായും വ

ളരെ പ്രാധാന്യമുള്ള ഒരു നഗരമാണ് അമൃതസരസ്സ്. കാബൂളിലേയ്ക്കും കാഷ്മീരിലേയ്ക്കും ടിബററിലേയ്ക്കുമുള്ള വഴിത്താരകളിൽ സ്ഥിതിചെയ്യുന്ന ആ നഗരത്തിൻെറ വികാസമത്രയും കണ്ടുകൊണ്ടിരുന്നിട്ടുള്ളവരാണ് എൻെറ സഹോദരികളും ഞാനും. സിക്കുകാർ അവരുടെ വ്യക്തിത്വവും സ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിനു് പല വിഷമഘട്ടങ്ങളേയും തരണംചെയ്യേണ്ടിവന്നിട്ടുണ്ടു്. അക്ബർ ചക്രവർത്തി സിക്കുസമുദായത്തോടു് വളരെ അനുഭാവത്തിലാണ് വർത്തിച്ചിരുന്നതെങ്കിലും, അറംഗസീബ് അവരോടു് പല കടുംകൈകളും ചെയ്തിരുന്നതായി ഞാൻ ഓർക്കുന്നു. തേജ്ബഹാദൂർ എന്ന ഒരു സിക്കുമതാചാര്യനെ അറംഗസീബ് വധിപ്പിക്കുകപോലുമുണ്ടായി.

പല പ്രതിബന്ധങ്ങളോടും പോരടിച്ചു് സിക്കുസമുദായം ഒടുവിൽ അതിൻെറ പ്രാബല്യം ഉറപ്പിച്ചതോടെ, അവരുടെ ക്ഷേത്രത്തിൻെറ പ്രൗഢിയും സമുദായത്തിൻെറ പ്രതാപവും വർദ്ധിച്ചു. രംജിത്സിംഗിൻെറ ഭരണകാലത്താണ് ക്ഷേത്രത്തിൻെറ അടിഭാഗം മാർബിൾ വിരിച്ചു മോടിപിടിപ്പിച്ചതും, പകുതിയോളം വരുന്ന മുകൾഭാഗമത്രയും ചെമ്പുപൊതിഞ്ഞു് അതിൻെറ പുറത്തു് നേരിയ സ്വർണ്ണത്തകിടുകൾ ചാർത്തിയലങ്കരിച്ചതും; ഇങ്ങനെ സ്വർണ്ണത്തകിടുകൾ പൊതിഞ്ഞതോടെ സുവർണ്ണക്ഷേത്രം എന്ന പേരുണ്ടാവുകയും ചെയ്തു. ആ ക്ഷേത്രത്തിൻെറ തിണ്ണകളിലും ചുമരുകളിലും ചെയ്യപ്പെട്ടിരിക്കുന്ന ചിത്രവേലകൾ ആരുടേയും കണ്ണ

ഞ്ചിപ്പിക്കുന്ന കലാസൃഷ്ടികളത്രെ.

അമൃതസരസ്സിനേപ്പററി ഇത്രയും പറഞ്ഞിട്ടും അവിടെയുള്ള ജാലിയൻവാലാബാഗിനേപ്പററി ഞാൻ എന്താണു് ഒന്നും മിണ്ടാത്തതെന്നു് നിങ്ങൾ വിചാരിക്കുന്നുണ്ടാവും. നിങ്ങളുടെ സ്വാതന്ത്ര്യസമരചരിത്രത്തിൽ ആ സ്ഥലത്തിനുള്ള പ്രാധാന്യം എനിയ്ക്കറിയാം. നിരപരാധികളായ അനേകം പൗരജനങ്ങൾ അവിടെവെച്ചു് കുരുതികഴിയ്ക്കപ്പെട്ട ആ ദുർദ്ദിനം,—1919 ഏപ്രിൽ 13-ാം നു— ഞാൻ നന്നായോർക്കുന്നുണ്ടു്. അമൃതസരസ്സിലെ സുവർണ്ണക്ഷേത്രത്തിൽനിന്നു് രണ്ടു ഫർലോംഗ് അകലത്തുള്ള ജാലിയൻവാല മൈതാനത്തു് അന്നു് ഒരു രാഷ്ട്രീയയോഗം നടക്കുകയായിരുന്നു. അപ്പോൾ ജനറൽ ഡയർ എന്ന ബ്രിട്ടീഷ് പട്ടാളമേധാവി ആ പൗരയോഗത്തിലേയ്ക്കു പെട്ടെന്നു് വെടിയുണ്ടകൾ വർഷിപ്പിക്കുകയായി. രണ്ടായിരത്തോളം ജനങ്ങൾ മുറിവേററും മരിച്ചും ആ മണ്ണിൽ വീണു. അവിടെയുള്ള ഒരു കിണററിലേയ്ക്കു ചാടി രക്ഷപ്പെടാൻ ശ്രമിച്ചവരും കുറവായിരുന്നില്ല. വെടിയുണ്ടകൾകൊണ്ടു് ആ വെള്ളക്കാരൻ കാണിച്ച വിദ്ധിത്തം നിങ്ങളുടെ സ്വാതന്ത്ര്യസമരത്തിൻെറ വീര്യം വദ്ധിപ്പിക്കുകയാണുണ്ടായതു്. നിങ്ങളുടെ മഹാത്മാ ഗാന്ധിയെ സമരത്തിൻെറ മുൻതലയ്ക്കലേയ്ക്കു് കൊണ്ടുവരുവാനും ആ സംഭവം പ്രേരകമായിത്തീൎന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യസമരവീര്യത്തിൻെറ പ്രധാനപ്പെട്ട ഒരു ഉറവിടംതന്നെ ജാലിയൻവാലാബാഗായിരുന്നുവെന്നു് എനിയ്ക്കു തീൎത്തുപറയുവാൻ കഴിയും. അന്നു് വെടിയുണ്ടക

ളേററ പാട്ടുകൾ ഇന്നും അവിടത്തെ ഭിത്തികളിലും മററും കാണാം. ഇങ്ങനെ പലപ്പൊഴുമായി വെടിയുണ്ടകൾക്കു നെഞ്ചുകാണിച്ചു് നിങ്ങളും നിങ്ങളുടെ പൂർവ്വികന്മാരും നേടിയ സ്വാതന്ത്ര്യം, നിങ്ങൾ അടിപിടികൂടാതെ സൈ്വരമായി അനുഭവിച്ചുകാണ്മാനാണു് ഈയുള്ളവരുടെ ആഗ്രഹം.

# VIII

പ്രകൃതിസൗന്ദര്യത്തിന്റെ കളിവീടായ കാഷ്മീർ ഇന്ത്യയുടെ കിരീടമാണെന്നു് പലരും പറയുന്നതു് ഞാൻ കേട്ടിട്ടുണ്ടു്. കാഷ്മീർതാഴ്‌വാരത്തിനു് നിങ്ങൾ സിന്ധുതാഴ്‌വാരം എന്നുകൂടി പേർ പറയാറുള്ളതുകൊണ്ടു് ഞാനും കാഷ്മീരും തമ്മിലുള്ള ബന്ധം നിങ്ങൾക്കറിയാം. അങ്ങുയരത്തിൽനിന്നു് ഗിരിനിരകളിലൂടെ പാഞ്ഞുവരുന്ന ഞാൻ സമതലത്തേയ്ക്കു വീഴുന്ന കാഴ്ച കാണണമെങ്കിൽ, നിങ്ങൾ ഈ താഴ്‌വാരത്തിന്റെ ഇങ്ങേത്തലയ്ക്കലുള്ള ഗർഡർബാൾ എന്ന സ്ഥലത്തേയ്ക്കു വന്നാലും. എന്റെ താഴ്‌വാരത്തിലൂടെ ഗതാഗതം ചെയ്തുകൊണ്ടിരിക്കുന്ന പല നാട്ടുകാരേയും നിങ്ങൾക്കു് ഇവിടെവെച്ചു കാണാം. ഈ ആത്മകഥയിൽ ഒരേടത്തു് ഞാൻ സൂചിപ്പിച്ച യാക്കുമൃഗങ്ങളുടെ പുറത്തു് പലതരം ചരക്കുകളും കയററിക്കൊണ്ടുപോകുന്ന വണിക്കുകളും ആ കൂട്ടത്തിൽ ഉൾപ്പെട്ടും. എന്റെ സഹോദരിയായ ത്ധലംനദിയുടെ ഉത്ഭവം കാഷ്മീരിൽനിന്നാണെന്നു് ഞാൻ മുമ്പു

പറഞ്ഞതു് നിങ്ങഠം ഓക്ക്ന്നുണ്ടാകും. കൃത്യമായിപ്പറഞ്ഞാൽ, കാഷ്മീരിൽ വെറിനാഗ് എന്ന സ്ഥലത്തുനിന്നാണു് അവളുടെ ഉത്ഭവം. എൻെറ മററൊരു സഹോദരിയായ ചീനാബും കാഷ്മീരിനെ കുളുപ്പിക്കുന്നുണ്ടു്. മഞ്ഞണിഞ്ഞ മലകളും, മഞ്ജുളനദികളും, നിമ്മലതടാകങ്ങളും, മാമരങ്ങഠം മുററിയ വനങ്ങളും, പരിമളം ചൊരിയുന്ന മലർവാടികളുംകൊണ്ടു് മനോഹരമായിരിക്കുന്ന കാഷ്മീർ ഇന്ത്യയുടെ മകുടംതന്നെ; സംശയമില്ല.

എനിയ്ക്കു് ഓമ്മിക്കാൻ കഴിയുന്ന കാലംമുതൽക്കേ കാഷ്മീർ ഇന്ത്യയുടെ ഭാഗമാണു്. അശോകനും കനിഷ്ഠനുമൊക്കെ പണ്ടു് കാഷ്മീരിൽ കൈകാര്യം നടത്തിയിരുന്ന കാലങ്ങഠം ഞാൻ ഓക്കുന്നുണ്ടു്. കാഷ്മീരിൻെറ സിരാകേന്ദ്രമായ ശ്രീനഗരം ആദ്യം പണിയിച്ചതുതന്നെ അശോകനാണു്. പിൽക്കാലത്തു് മുഗഠംചക്രവത്തിമാരായ അക്ബറും, ജഹാംഗീറും കാഷ്മീരിനെ മോടിപിടിപ്പിച്ച കഥയും മറക്കാവതല്ല.

കാഷ്മീരിനേക്കുറിച്ചു് പറയുന്ന നിങ്ങളുടെ കൂട്ടക്കാർ അവളുടെ പ്രകൃതിസൗന്ദര്യം മാത്രമേ സ്പശിച്ചുകാണാറുള്ളു. എന്നാൽ പ്രകൃതിസൗന്ദര്യത്തോടൊപ്പം പ്രതിഭാസൗന്ദര്യവും ഉഠംക്കൊള്ളുന്ന ഒരു ചരിത്രമാണു് അവഠംക്കുള്ളതെന്നു് മനസ്സിലാക്കണം. വിജ്ഞാനദേവിയായ സരസ്വതിയുടെ രാജ്യമെന്ന അത്ഥത്തിൽ കാഷ്മീരിനു് 'സാരസ്വതക്ഷേത്ര'മെന്നും, 'സാരസ്വതഭൂമി'യെന്നുമൊക്കെ പേരുകളുണ്ടു്. കാവ്യനാടകാലങ്കാരാദി സാഹിത്യകൃതികഠംക്കും, ശൈവ-വൈഷ്ണവ-ബുദ്ധ-മതവി

ജ്ഞാനങ്ങൾക്കമെല്ലാം ഈ നാട്ട് ഒരു കാലത്തു ശ്രുതി പ്പെട്ടിരുന്നു. 'രാജതരംഗിണി' മുതലായ സാഹിത്യകൃതി കളേപ്പററി നിങ്ങളുടെ പണ്ഡിതന്മാർ കേട്ടിരിക്കുമല്ലൊ.

പണ്ട് സംസ്കൃതഭാഷയ്ക്കു കാഷ്മീരിൽ എന്തൊരു പ്രചാരമായിരുന്നെന്നോ? അതു് ഒരു കാലത്തു് ഇവിട ത്തെ ഔദ്യോഗികഭാഷയായിരുന്നുവെന്ന വസ്തുത ഞാൻ ഓക്കുന്നുണ്ട്. അന്നു് ഈ നാട്ടിലെ സ്ത്രീകൾപോലും സം സ്കൃതഭാഷ അനായാസേന സംഭാഷണത്തിനുപയോഗി ച്ചിരുന്നു. മുസ്ലിമങ്ങളുടെ ശവകുടീരങ്ങളിന്മേൽ സംസ്കൃത ഭാഷയിലുള്ള സ്മാരകവാചകങ്ങൾ കണ്ടുവെന്നു് നിങ്ങളു ടെ കൂട്ടത്തിൽപ്പെട്ട സ്റ്റെയിൻ എന്നു പേരായ ഒരു സ ഞ്ചാരി പറഞ്ഞതു് അടിസ്ഥാനമില്ലാതെയല്ല.

കാഷ്മീരിനു് ഇന്ത്യയുടെ ഇതരഭാഗങ്ങളുമായി പല വിധത്തിലുള്ള വൈജ്ഞാനികബന്ധമുണ്ടായിരുന്നു എന്ന വസ്തുതകൂടി ഞാൻ ഇവിടെ സൂചിപ്പിച്ചുകൊള്ള ട്ടെ. ഇവിടെനിന്നു് ചില പണ്ഡിതന്മാർ ഇന്ത്യയുടെ ഇ തരഭാഗങ്ങളിലേയ്ക്കും, മററു സ്ഥലങ്ങളിൽനിന്നുള്ള പ ണ്ഡിതന്മാർ ഇങ്ങോട്ടും വന്നും പോയും കൊണ്ടിരുന്ന കാലങ്ങൾ ഞാൻ ഓക്കുന്നു. കാഷ്മീർരാജാവിൻെറ കല്പ നപ്രകാരം അഥവ്വവേദം പഠിപ്പിക്കാനായി യുധഭട്ട് എ ന്നൊരു പണ്ഡിതൻ കണ്ണാടകനാട്ടിലേയ്ക്കു് പോയതും, കേരളത്തിൽ എൻെറ ഒരു സഹോദരിയായ പെരിയാ റിൻെറ തീരത്തുനിന്നു് ശ്രീശങ്കരാചാര്യർ ബുദ്ധമതത്തി ൻെറ പിടിയിൽനിന്നു് ഹിന്ദുമതത്തെ രക്ഷിക്കുന്നതി നുവേണ്ടി കാഷ്മീരിലേയ്ക്കു വന്നതും നിങ്ങൾക്കറിയാ

മെന്നു് ഞാൻ കരുതുന്നു. ശ്രീനഗരത്തിനു് സമീപത്തായിട്ടു് ശങ്കരാചാര്യശൈലം എന്നൊരു കുന്നും, അതിൻെറ നിറുകയിൽ ശങ്കരാചാര്യർ സ്ഥാപിച്ച ഒരു ശിവക്ഷേത്രവുമുണ്ടു്. ഈ ക്ഷേത്രം നില്ക്കുന്ന അതേ സ്ഥാനത്തുതന്നെ പണ്ടു് അശോകൻെറ പുത്രന്മാരിൽ ഒരുവനായ ജലാക്ക വേറൊരു ക്ഷേത്രം പണിയിച്ചിരുന്ന കഥയും ഞാൻ ഓക്കുന്നു. ശങ്കരാചാര്യശൈലത്തിൽ കയറിനിന്നു് നാലുപാടും നോക്കിയാൽ നിങ്ങൾക്കു് കാഷ്മീരിൻെറ കാന്തിയും ചന്തവും ഒരു മുഖക്കണ്ണാടിയിലെന്നപോലെ തെളിഞ്ഞുകാണ്മാൻ കഴിയും. ശ്രീശങ്കരാചാര്യർ തൻെറ സുപ്രസിദ്ധ കൃതിയായ 'സൗന്ദര്യലഹരി' വിരചിച്ചതു് ഇവിടെവെച്ചായിരുന്നുവെന്നുകൂടി നിങ്ങളെ അനുസ്മരിപ്പിച്ചുകൊള്ളട്ടെ. നിങ്ങളുടെ മറെറാരാചാര്യനായ രാമാനുജനും കാഷ്മീരിൽ വരികയും, കാഷ്മീർ പണ്ഡിതന്മാരുമായി സമ്പക്കം പുലത്തുകയും ചെയ്തിരുന്ന സംഗതിയും ഞാൻ ഓക്കുന്നു.

ശ്രീനഗരമാണു് കാഷ്മീരിൻെറ സിരാകേന്ദ്രമെന്നു് ഞാൻ പറഞ്ഞുവല്ലൊ. സൂര്യനഗരം എന്നായിരുന്നു അതിൻെറ സാക്ഷാൽ പേരു്. എൻെറ സഹോദരിയായ ഝലംനദി വളഞ്ഞുപുളഞ്ഞു് ഈ നഗരത്തെ വലംവെച്ചൊഴുകുന്നു. ഡാൽതടാകം ആദിയായ മററ ചില ജലാശയങ്ങളുടെ സാമീപ്യവും ഈ നഗരത്തെ അനുഗ്രഹിച്ചിട്ടുണ്ടു്. സ്ഫടികസങ്കാശമായ തെളിവെള്ളം നിറഞ്ഞ ഡാൽതടാകം അഞ്ചു മൈൽ നീളത്തിലും രണ്ടര മൈൽ വീതിയിലുമങ്ങനെ പരന്നുകിടക്കുന്നു. ഝലംന

ദിയെ പല സ്ഥാനങ്ങളിലും തരണം ചെയ്യുന്നതിനായി പണികഴിപ്പിച്ചിട്ടുള്ള ഒമ്പതു പാലങ്ങൾ ശ്രീനഗരത്തിൽ കാണാം. ഝലംനദിയുടെ ഇരുവശങ്ങളിലും അണിനിരന്നു കിടക്കുന്ന നൗകാഗൃഹങ്ങളും, ഡാൾതടാകത്തിൽ പൊന്തിക്കിടക്കുന്ന കൊച്ചുകൊച്ചു ദ്വീപുകളും കായ്കനിത്തോട്ടങ്ങളും ഈ പ്രദേശം സന്ദർശിക്കുന്ന നിങ്ങളേപ്പോലുള്ളവർക്ക് ആനന്ദകരങ്ങളായ കാഴ്ചകളായിരിക്കുമെന്ന് എനിയ്ക്കറിയാം.

കാഷ്മീരികൾ ഒരുതരം തോണികളുണ്ടാക്കി, ചില കാലഘട്ടങ്ങളിൽ ജലാശയത്തിൽത്തന്നെ ജീവിക്കാൻ ശീലിച്ചിട്ടുള്ളവരാണ്. വെള്ളത്തിൽ യഥേഷ്ടം ഒഴുക്കിക്കൊണ്ടു നടക്കാവുന്ന ഈ തോണിവീടുകളിൽ ഓരോ കുടുംബക്കാർ തങ്ങളുടെ വീട്ടുമൃഗങ്ങളും തട്ടുമുട്ടുസാമാനങ്ങളുമായിക്കഴിയുന്നതു കണ്ടാൽ നിങ്ങൾക്ക് അത്ഭുതം തോന്നും. പക്ഷേ, കാഷ്മീരികൾക്ക് അതിലൊരു പുതുമയുമില്ല; അവർ ജലാശയങ്ങളിൽ ഇങ്ങനെ ഒഴുകിനടന്ന് ജീവിക്കാൻ പഠിച്ചവരത്രെ. അക്കാര്യത്തിൽ അവർക്കുള്ള പരമ്പരാഗതമായ വാസനയുടെ ഒരു രഹസ്യം എനിയ്ക്കറിയാം. നിങ്ങളുടെ ഹൈന്ദവപുരാണങ്ങളിൽ പറയുന്ന നാഗലോകമില്ലേ, അതു് കാഷ്മീരിലായിരുന്നു. നാഗരാജാക്കന്മാർ സുന്ദരികളായ നാഗകന്യകകളൊന്നിച്ച് ജലാശയങ്ങളിലാണല്ലൊ നിവസിച്ചിരുന്നതു്. ആ ജീവിതരീതിയുടെ ഏതാണ്ടു് ഒരനുകരണമാണു് കാഷ്മീരികളിൽ ഇന്നും പ്രകാരാന്തരേണ കാണുന്നതെന്നു പറഞ്ഞാൽ തെററില്ല.

ജലാശയങ്ങളിൽ പാൎക്കുവാനുള്ള ഈ വാസന, കാഷ്മീർ സന്ദൎശിക്കുന്ന മറുനാട്ടുകാരിലും ഞാൻ കാണാറുണ്ടു്. നിങ്ങൾ വല്ലപ്പോഴും കാഷ്മീർ സന്ദൎശിക്കുമെങ്കിൽ, ഇപ്പറഞ്ഞ ഭ്രമം നിങ്ങൾക്കുമുണ്ടാകുമെന്നു് ഞാൻ മുന്നറിയിപ്പു നല്കിക്കൊള്ളുന്നു. എൻെറ സഹോദരിയായ ഝലംനദിയുടെ തീരങ്ങളിൽ നിരന്നുകിടക്കുന്ന കമനീയങ്ങളായ നൗകാഗൃഹങ്ങളിൽ ഒരെണ്ണം നിങ്ങൾ ഇവിടെ എത്തിയപാടേ വാടകയ്ക്കെടുക്കും. സൎവ്വവിധ സജ്ജീകരണങ്ങളോടുംകൂടിയ സാമാന്യം വലിയ വീടുകളാണവ. 80 അടി മുതൽ 120 അടിവരെ നീളവും 20 അടി വീതിയുമുള്ള ഓരോ ഹൗസ്ബോട്ടും ഒട്ടൊട്ടു വിശാലങ്ങളായ പല മുറികളായി തിരിച്ചിരിക്കുന്നു. പ്രതിമാസം 250 ക. മുതൽ 800 ക. വരെ വാടകവരുന്ന പല തരം ബോട്ടുകളുണ്ടു്. അവയിലൊന്നിൽ താമസമുറപ്പിച്ചാൽ, നിങ്ങൾക്കു് ശ്രീനഗറിലെ പല കാഴ്ചകൾ കണ്ടു രസിച്ചു് മനോഹരങ്ങളായ വൃക്ഷച്ഛായകളിൽ കഴിച്ചുകൂട്ടാം; ഇവിടത്തെ കുളിരുററ ജലാശയങ്ങളിൽ മന്ദമന്ദം സഞ്ചരിച്ചുള്ള പരമാനന്ദവും അനുഭവിക്കാം.

പ്രകൃത്യാ സുന്ദരമായിരിക്കുന്ന കാഷ്മീരിനെ കമനീയങ്ങളായ കൃത്രിമോദ്യാനങ്ങൾകൊണ്ടു് മോടിപിടിപ്പിച്ചതു് മുഗൾചക്രവൎത്തിമാരാണെന്നുള്ള പരമാൎത്ഥം ഞാൻ ഒന്നുകൂടി എടുത്തുപറയുന്നു. ദൽഹിയിലെ ചൂടും പൊടിപടലവുമൊഴിഞ്ഞു് സുഖവാസമനുഷ്ഠിക്കാനുള്ള ഒരു സങ്കേതമായി അവർ കാഷ്മീരിനെ ഉപയോഗപ്പെടുത്തി. അക്ബറും, ജഹാംഗീറും പരിവാരസമേതം

കാഷ്മീരിലെത്തി താമസിക്കാറുണ്ടായിരുന്ന കാലങ്ങൾ ഞാൻ ഓക്കുന്നു. ജഹാംഗീറിൻെറ പട്ടമഹിഷിയായ നൂർജിഹാനുവേണ്ടി ഡാൾതടാകത്തിൻേറയും മനോഹരങ്ങളായ ഹിമഗിരികളുടേയും പശ്ചാത്തലത്തിൽ, ഒരുയന്ന കുന്നിൻപുറത്തു് നാലു പംക്തികളായി നട്ടുവളത്തിയ 'ഷാലമർ' ഉദ്യാനങ്ങൾ ഇന്നും ലോകത്തിലെ ഒരു അത്ഭുതകാഴ്ചയായി നിലകൊള്ളുന്നു. 'ആനന്ദത്തിൻെറ ആരാമം' എന്നത്ഥമുള്ള 'നിഷാത്ത് ബാഗ്' എന്ന പൂന്തോട്ടവും, ഔഷധവീയ്യമുള്ള ഒരു ഉറവയാൽ അനുഗൃഹീതമായ 'ഛഷ്മാഷാഹി' എന്ന ആരാമവുമെല്ലാം മുഗൾ ചക്രവത്തിമാരുടെ സൗന്ദയ്യാവബോധത്തിൻെറ നിദശ്നങ്ങളത്രെ.

പ്രകൃതിസൗന്ദയ്യത്തിൻെറ കളിവീടെന്നു് ഞാൻ ആദ്യമേ പറഞ്ഞുവെച്ച ഈ കാഷ്മീരിലും കലഹത്തിൻെറ കരാളകരങ്ങളുയന്ന ചില കാലഘട്ടങ്ങൾ ഞാൻ ഓക്കുന്നുണ്ടു്. മതത്തെച്ചൊല്ലിയുണ്ടായ ആ മത്സനത്തിന്നിടയിൽ പലരും മതം മാറേണ്ടതായും, മററു പലരും നാടുവിട്ടോടേണ്ടതായും, കാഷ്മീരിൻെറ വിജ്ഞാനസമ്പത്തായ പലേ പ്രമാണഗ്രന്ഥങ്ങളും വിലപ്പെട്ട രേഖകളും നഷ്ടപ്പെടേണ്ടതായും വന്നു. ഹാ! കലഹംകൊണ്ടു് കഷ്ടനഷ്ടങ്ങളല്ലാതെ ആക്കെന്തു നേട്ടമാണുണ്ടാവുക? ഏതേതു ദേശക്കാരായ സന്ദശകക്കും ശാന്തിയും കുളമ്മയുമരുളാൻ പോരുന്ന കാഷ്മീരിനെ തുറിച്ചുനോക്കി അയൽവാസികൾ അസൂയപ്പെടുന്നതു് കഷ്ടമാണു്. ഇന്ത്യയ്ക്കു പ്രകൃതിദത്തമായുള്ള ഒരു പൈതൃകമാണു് കാഷ്മീർ,—

സഹൃദയലോകം അവളുടെ സൗന്ദര്യം കണ്ടാനന്ദിക്കുകയല്ലാതെ, അവളുടെ മേൽ കൈയേററം നടത്താൻ മുതിരാതിരിക്കട്ടെ. ലോകദൃഷ്ടിയിൽ പരിഹാസ്യമായിത്തീരാനിടയുള്ള അത്തരം കലഹവും കൈയേററവും അരുതെന്നു തന്നെ ഞങ്ങൾ ഉറപ്പിച്ചു പറയും.

# IX

എന്റെ ആത്മകഥയ്ക്കു് തല്ക്കാലം ഒരു വിരാമമിടാൻ പോകുകയാണു്. മനുഷ്യരായ നിങ്ങൾ സ്വാതന്ത്ര്യത്തിലേയ്ക്കും പരിഷ്കാരത്തിലേയ്ക്കും പുരോഗമിക്കുന്തോറും, നദികളായ ഞങ്ങളുടെ സ്വാതന്ത്ര്യം കുറഞ്ഞുകുറഞ്ഞുവരികയാണെന്നു് ഞങ്ങളുടെയിടയിൽ നേരംപോക്കായിട്ടാണെങ്കിലും ഒരു നേരിയ പരാതിയുണ്ടു്. പണ്ടൊക്കെ ഞങ്ങൾക്കു് യഥേഷ്ടം പാഞ്ഞുനടന്നു് സേവനമനുഷ്ഠിക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി അതാണോ? ഞങ്ങളുടെ സഞ്ചാരവീഥിയിൽ അവിടവിടെ അണകെട്ടി ഞങ്ങളുടെ ഗതി മുട്ടിക്കാനും, ഞങ്ങളുടെ ജലം നിങ്ങൾക്കു് ഇഷ്ടമുള്ളിടത്തേയ്ക്കെല്ലാം തിരിച്ചുവിടുവാനും, ആ ജലത്തിൽനിന്നുതന്നെ വൈദ്യുതിയുല്പാദിപ്പിക്കാനും മററുമായി എന്തെല്ലാം പണിത്തരങ്ങളാണു് നിങ്ങൾ ചെയ്തിരിക്കുന്നതു്? കൊള്ളാം, നിങ്ങളുടെ ചൊല്പടിക്കെല്ലാം ഞങ്ങൾ വഴങ്ങുകയാണു്; ലോകസേവനം ഒന്നുമാത്രമാണല്ലോ ഞങ്ങളുടെ ലക്ഷ്യം.

അണക്കെട്ടു മൂലം എന്നെ ബന്ധിക്കാൻ നിങ്ങളു ടെ ആരംക്കാർ ആദ്യമായി നടത്തിയ ശ്രമം ഞാൻ ഓ ക്കുന്നു. കാലം അത്രയധികമായില്ല, ഒരു കാൽ നൂററാ ണ്ടു കഴിഞ്ഞതേയുള്ളു. കൃത്യമായിപ്പറഞ്ഞാൽ 1933-ാ മാണ്ടിൽ, സുക്കൂർ എന്ന പ്രദേശത്തുവെച്ചായിരുന്നു നി ങ്ങൾ എന്നെ ആദ്യമായി ബന്ധിച്ചതു്. സുക്കൂർ അണ ക്കെട്ട്,— അവിടെ നിങ്ങൾ എൻെറ വെള്ളം തടഞ്ഞു നിർത്തി. പിന്നെ നിങ്ങൾ ആ തണ്ണീർ നിങ്ങൾക്കിഷ്ടമു ള്ളിടത്തേയ്ക്കെല്ലാം തിരിച്ചുവിട്ടു. അന്നോളം ഉണങ്ങിവ രണ്ടു ശൂന്യമായിക്കിടന്നിരുന്ന മരുഭൂമികൾ പലതും അ തോടെ മലർവാടികളായി മാറിത്തുടങ്ങി. അവ പലതും എണ്ണപ്പെട്ട വിളഭൂമികളായിച്ചമഞ്ഞു. ആ പരീക്ഷണ ത്തിൻെറ ഫലത്തിൽ നിങ്ങളും ഞാനും കൃതാൎത്ഥരാണെ ന്നു പറയേണ്ടല്ലൊ.

ഇന്ത്യയ്ക്കു് സ്വാതന്ത്ര്യം കിട്ടിയശേഷം പഞ്ചവ ത്സരപദ്ധതികളും മററും തുടങ്ങിയതോടെ, എൻേറയും സഹോദരികളുടേയും സഞ്ചാരവീഥിയിൽ പുതിയ പു തിയ അണക്കെട്ടുകളും വൈദ്യുതീകേന്ദ്രങ്ങളും മററും ആവിർഭവിക്കുകയായി. "അണകൾ അഭിവൃദ്ധിയുടെ ക്ഷേത്രങ്ങളാ"ണെന്നു് പറഞ്ഞുകൊണ്ടായിരുന്നു, നിങ്ങ ളുടെ പ്രധാനമന്ത്രി നെഹ്റു ഞങ്ങളുടെ നെഞ്ഞത്തു് പു തിയ പുതിയ അണക്കെട്ടുകളേററിത്തുടങ്ങിയതു്. നിങ്ങ ളുടെ പഞ്ചവത്സരപദ്ധതികളിൽ കൃഷിവികസനവും വ്യ വസായവല്ക്കരണവും രണ്ടും കൈകോർത്തുകിടക്കുകയാണ ല്ലൊ. ജലസേചനംമൂലം കൃഷി വികസിപ്പിക്കുക, വൈ

ദ്യുതീവിതരണം വൎദ്ധിപ്പിച്ചു് വ്യവസായങ്ങൾ വികസിപ്പിക്കുക— ഈ രണ്ടിനും പരിപാടികൾക്കും നദികളായ ഞങ്ങളുടെ ജലമാണു് അവലംബം. ഈ കൂട്ടത്തിൽപ്പെട്ട ഒരു പ്രധാന പദ്ധതിയാണു് ഭക്രാ-നങ്കൽ എന്നു് നിങ്ങൾ മനസ്സിലാക്കിയിരിക്കും. എൻെറ സഹോദരിയായ സററ്ലജിനെ ഭക്രാ എന്ന സ്ഥലത്തുള്ള ഒരു മലയിടുക്കിൽവെച്ചു് ബന്ധിച്ചിട്ടാണു് നിങ്ങൾ ഈ അണ നിൎമ്മിച്ചതു്. ആ മലയിടുക്കിൻെറ പിൻബലത്തോടുകൂടിയല്ലായിരുന്നുവെങ്കിൽ, നിങ്ങൾക്കു് അവളെ അത്ര എളുപ്പത്തിലൊന്നും ബന്ധിക്കുവാൻ കഴിയുമായിരുന്നില്ല. പഞ്ചാബിലെ ഹോഷിയാർപ്പൂർ ഡിസ്ട്രിക്ടിൽപ്പെട്ട നങ്കൽപ്പട്ടണത്തിൽനിന്നു് ഉദ്ദേശം 8 മൈൽ അകലത്തുള്ള ഭക്രാഡാമിൻെറ ഉയരം 740 അടിയും നീളം 1700 അടിയുമാണല്ലോ; അറുപത്തിനാലു ചതുരശ്രമൈൽ വ്യാസത്തിലാണു് അതിലെ വെള്ളം നില്ക്കുക. 2100 മൈൽ നീളം വരുന്ന ചാലുകൾ മുഖേന ഈ വെള്ളം തിരിച്ചുവിട്ടു് 586 ലക്ഷം ഏക്കർ സ്ഥലം കൂടുതലായി കൃഷി ചെയ്യാൻ സാധിക്കുമെന്നാണു് നിങ്ങളുടെ എഞ്ചിനീയർമാർ കണക്കുകൂട്ടി വച്ചിരിക്കുന്നതു്. ഞങ്ങളുടെ വെള്ളം കൊണ്ടു് അതും അതിലധികവും നേടാൻ നിങ്ങൾക്കു് സാധിക്കും.

കൃത്രിമ വെള്ളച്ചാട്ടം മൂലം വൈദ്യുതിയുല്പാദിപ്പിക്കാൻ ഭക്രാ-നങ്കൽപദ്ധതിയിലൂടെ നിങ്ങൾ ചെയ്തിരിക്കുന്ന ഏൎപ്പാടുകളും ഞങ്ങൾ മനസ്സിലാക്കിയിട്ടുണ്ടു്. ഇങ്ങനെ അഞ്ചു വൈദ്യുതീസംഭരണകേന്ദ്രങ്ങൾ നിങ്ങൾ

ഇതിനകം തുറന്നുകഴിഞ്ഞതായി ഞങ്ങൾക്കറിയാം. ഇവയിൽ അഞ്ചാമത്തെ പദ്ധതിയുടെ ഉദ്ഘാടനകർമ്മം നിങ്ങളുടെ പ്രധാനമന്ത്രി നെഹ്റു നിർവ്വഹിച്ചതു് 1961 ഡിസമ്പർ 11-ാം തിയതിയായിരുന്നുവല്ലൊ. ഭക്രാ അണക്കെട്ടിൻെറ ഇടതുകരയിൽ ഏഴു നിലകളായി പണികഴിപ്പിച്ചിരിക്കുന്ന ഈ 'പവ്വർസ്റ്റേഷൻ' ഏഷ്യയിലെ ഏററവും വലിയ വൈദ്യുതീകേന്ദ്രമാണെന്നു് നിങ്ങൾ പറയുന്നതു് നിങ്ങൾക്കും ഞങ്ങൾക്കും അഭിമാനകരം തന്നെ. 22 കോടി 22 ലക്ഷം രൂപ ചെലവുചെയ്തു് നിങ്ങൾ പണികഴിപ്പിച്ചിരിക്കുന്ന ഈ പവ്വർഹൗസിൽ തൊണ്ണൂറായിരം കിലോവാട്ട്സ് വീതം വൈദ്യുതിയുല്പാദിപ്പിക്കാൻപോരുന്ന അഞ്ചു ജനറേററിംഗ്യൂണിററുകളുണ്ടെന്നുപോലും ഞങ്ങൾ മനസ്സിലാക്കിയിരിക്കുന്നു. ഒരു ബട്ടൻ അമർത്തി ഈ പവ്വർസ്റ്റേഷൻെറ ഉദ്ഘാടനം നിർവ്വഹിച്ചപ്പോൾ നിങ്ങളുടെ പ്രധാനമന്ത്രി പറഞ്ഞതു് "വെള്ളവുമായി തുലനംചെയ്യുമ്പോൾ സ്വർണ്ണത്തിനുപോലും വലിയ വിലയില്ല" എന്നാണു്. നദികളായ ഞങ്ങൾക്കു ലഭിക്കാവുന്ന ഏററവും വിലപ്പെട്ട ഒരു പ്രശംസയാണിതെന്നു് ഞാൻ കൃതജ്ഞതാപൂർവ്വം ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. അദ്ദേഹം ആ അവസരത്തിൽ വേറൊരു സംഗതികൂടി പറഞ്ഞു,— ഒരു രാജ്യത്തിൻെറ അഭിവൃദ്ധി അവിടെ ഉല്പാദിപ്പിക്കുന്ന വിദ്യുച്ഛക്തിയുടെ അളവിനെയും, അവിടെയുണ്ടാകുന്ന ഉരുക്കിൻെറ തൂക്കത്തെയും, അവിടത്തെ വിദ്യാലയങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ സംഖ്യയേയുമാണു് ആശ്രയിച്ചിരിക്കുന്നതെ

ന്നു്. ഇപ്പറഞ്ഞ മൂന്നു ഘടകങ്ങളിൽ വിദ്യുച്ഛക്തിയ്ക്കു വേണ്ടി നിങ്ങൾ ആശ്രയിക്കുന്നതു് നദികളായ ഞങ്ങളെയാണുതാനും.

എൻെറ സഹോദരികളായ സററ്ലജ്ജും, ബിയസ്സും തമ്മിൽ സമ്മേളിക്കുന്ന ദിക്കിൽനിന്നു് രാജസ്ഥാൻ കനാൽ എന്ന പേരിൽ നിമ്മിക്കപ്പെടുന്ന ഒരു വലിയ ജലസേചനപദ്ധതിയേക്കുറിച്ചും ഞാൻ ഒരു വാക്കു് പറഞ്ഞുകൊള്ളട്ടെ. 415 നാഴിക നീളം വരുന്ന ഈ നീച്ച്ാൽ ലോകത്തിലെ ഏററവും വലിയ കനാലുകളിൽ ഒന്നായിരിക്കും. ഉണങ്ങിവരണ്ടുകിടക്കുന്ന രാജസ്ഥാൻ മരുഭൂമിയെ ഉടനീളം സസ്യശ്യാമളവും വ്യവസായബഹുലവുമായ ഒരു ഭൂവിഭാഗമായി മാററുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണു് ഈ പദ്ധതി. ഏതാണ്ടു് 6647 ലക്ഷം രൂപയാണു് ഇതിനു് നിങ്ങൾ ആകെ കണക്കാക്കിയിരിക്കുന്ന ചെലവെന്നും ഞങ്ങൾക്കറിയാം. ഈ കനാലിലെ ജലംകൊണ്ടു് 1684 ലക്ഷം ഏക്കർ ഭൂമി കൃഷി ചെയ്യാൻ കഴിയുമെന്നുള്ള നിങ്ങളുടെ കണക്കു് തെററാനിടയില്ല. വെള്ളം മണ്ണിലേയ്ക്കു വാന്ു പോകാതിരിക്കാൻ വേണ്ടി കനാലിൻെറ അടിഭാഗം മുഴവൻ സിമൻറിട്ടുറപ്പിക്കുവാൻ നിങ്ങൾ ചെയ്യുന്ന ശ്രമം നിങ്ങളുടെ പിശുക്കിനെയാണു് കാണിക്കുന്നതെങ്കിലും അതും വിജയിക്കട്ടെ. കൃഷിയുടെ ആവശ്യത്തിനു മാത്രമല്ല, നിങ്ങൾക്കു കുടിക്കാനുള്ള ആവശ്യത്തിനും ഈ കനാലിലെ വെള്ളം ഉപകരിക്കുമെന്നുള്ളതു് ഒരു വലിയ കാര്യമാണു്. രാജസ്ഥാൻകനാലിൻെറ ഇരുപാശ്വങ്ങളിലും പരന്നുകിടക്കു

ന്ന പാഴ്ഭൂമികളിൽ യന്ത്രസജ്ജീകരണങ്ങളോടുക്കൂടി വമ്പിച്ച തോതിൽ കൃഷിയിറക്കാനുള്ള സാദ്ധ്യതകളുമുണ്ട്. കൃഷിത്തോട്ടങ്ങൾ മാത്രമല്ല, പലതരം വ്യവസായശാലകളും കനാലിൻെറ പരിസരങ്ങളിൽ അടിക്കടി തലപൊക്കിക്കൊണ്ടിരിക്കുന്നതു് ഞങ്ങൾ കാണുന്നു. നദികളായ ഞങ്ങളുടെ ജലം ശരിയ്ക്കുപയോഗപ്പെടുത്തിയാൽ മനുഷ്യരായ നിങ്ങൾക്കു നേടാൻ പാടുള്ള വൻകാര്യങ്ങൾക്കു് രാജസ്ഥാൻകനാലും ഒരു നല്ല തെളിവത്രെ.

ഒരു കാര്യം നിങ്ങൾ ഉറപ്പായി നിശ്ചയിച്ചുകൊള്ളുക: നിങ്ങളുടെ പുരോഗതിക്കുവേണ്ടി നദികളായ ഞങ്ങൾ എന്തും ചെയ്യുവാൻ സന്നദ്ധരായിരിക്കുകയാണു്. "ദാഹിക്കുന്നവനു് കുറച്ചു മതിയെങ്കിലും ഞാൻ എനിക്കുള്ളതു് മുഴുവനും തരുന്നു" എന്നു് ഒരു വെള്ളച്ചാട്ടത്തേക്കൊണ്ടു് നിങ്ങളുടെ മഹാകവിയായ ടാഗോർ പറയിപ്പിക്കുന്ന വാക്കുകൾ ഞങ്ങൾ ഓരോരുത്തരും ഒരു മുദ്രാവാക്യമായി സ്വീകരിക്കുന്നു. ഞങ്ങളുടെ വെള്ളത്തിൻെറ അവസാനത്തെ തുള്ളിവരെ നിങ്ങൾ ഊററിയൂററി ഉപയോഗിച്ചുകൊള്ളുക; അതുകൊണ്ടൊന്നും ഞങ്ങളുടെ ജലം വററിപ്പോകുമെന്നു കരുതേണ്ടതാനും. ഹിമാലയാംബികയുടെ കൈവശമുള്ള മഞ്ഞുകട്ടകളത്രയും ആവശ്യംപോലെ ഉരുകിയുരുകി ഞങ്ങളുടെ നീരോട്ടം ഇടമുറിയാതിങ്ങനെ നിലനിന്നുകൊള്ളും. ജയ് ഹിന്ദ്.

oooooo

MUNAVVIRUL ISLAM HIGH SCHOOL, ERNAKULAM
Date.........

MUNAVIRUL ISLAM HIGH SCHOOL, C ® ERNAKULAM.
Date..................

COVER PRINTED BY THE S.G.P. AT THE GOVERNMENT PRESS,
ERNAKULAM—1964

# സിന്ധു അവളുടെ കഥ പറയുന്നു

MUNAVIRYL ISLAM HIGH SCHOOL
Date..........

— SCHOOL EDITION —
Malayalam Non-detailed Text
— STANDARD IX —

കെ. പി. അലക്സ് ബേസിൽ എം. എ.

സാഹിത്യനിലയം